# പതിമൂന്നാം കേരള നിയമസഭ

## പരിസ്ഥിതി സംബന്ധിച്ച സമിതി
## (2014-2016)

### മുപ്പത്തിമൂന്നാമത് റിപ്പോർട്ട്

(2015 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തിമൂന്നാമത് റിപ്പോർട്ട്**

(2015 ഡിസംബർ 16 -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)യുടെ ഒൻപതാമത് റിപ്പോർട്ടിലെ (സംസ്ഥാനത്തെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

81/2016.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം | .. | 2 |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2015 ഡിസംബർ മാസം 15-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2015 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പന്ത്രണ്ടാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2009-2011)യുടെ ഒൻപതാമത് റിപ്പോർട്ട് (സംസ്ഥാനത്തെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച്) 23-2-2011-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. നമ്മുടെ പരിസരത്തെയും പരിസ്ഥിതിയെയും പലവിധത്തിൽ ദോഷകരമായി ബാധിച്ചുകൊണ്ടിരിക്കുന്നതും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായ ഖര-ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനും കേരളത്തെ ശുചിത്വസംസ്ഥാനമായി മാറ്റിയെടുക്കുന്നതിനും സഹായകരമെന്ന് സമിതിക്ക് ബോധ്യമായ 18 ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിൻമേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 16-3-2011-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിൻമേൽ പരിസ്ഥിതി, തദ്ദേശസ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത്, വ്യവസായം, കൃഷി, വിനോദസഞ്ചാരം, ആഭ്യന്തരം, ആരോഗ്യ-കുടുംബക്ഷേമം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രികകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് വിവിധ സമിതി യോഗങ്ങളിൽ അവ വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. റിപ്പോർട്ടിലെ ശിപാർശകൾ അവയിൻമേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

4. ഖര-ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ട് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും പരിസ്ഥിതി വകുപ്പ് പുറപ്പെടുവിച്ച സ.ഉ. (സാധാ.) നമ്പർ 06/12/പരി. തീയതി 9-1-2012, സ.ഉ. (കയ്യെഴുത്ത്) നമ്പർ 04/12/പരി. തീയതി 13-3-2012, സ.ഉ. (സാധാ.) നമ്പർ 147/2012/പരി. തീയതി 11-10-2012, സ.ഉ. (അച്ചടി) നമ്പർ 01/2013/പരി. തീയതി 22-3-2013, സ.ഉ. (അച്ചടി) നമ്പർ 04/13/പരി. തീയതി 13-5-2013, സ.ഉ. (കയ്യെഴുത്ത്) നമ്പർ 01/2014/പരി. തീയതി 1-1-2014 എന്നീ സർക്കാർ ഉത്തരവുകൾ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### 1. ഖണ്ഡിക 120-ലെ ശിപാർശ

വിദ്യാസമ്പന്നരും പ്രബുദ്ധരും വ്യക്തിശുചിത്വത്തിൽ സശ്രദ്ധരുമായ മലയാളികൾ നഗരവീഥികൾ, പൊതുനിരത്തുകൾ, വ്യാപാര കേന്ദ്രങ്ങൾ, മറ്റു പൊതു ഇടങ്ങൾ എന്നിവകളിൽ ഖരമാലിന്യങ്ങൾ വിവേചനരഹിതമായി വലിച്ചെറിയുന്നതിലും പാർപ്പിടസമുച്ചയങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങിയവയിൽ നിന്നും യാതൊരു മാലിന്യനിർമ്മാർജ്ജന പ്രക്രിയയ്ക്കും വിധേയമാകാത്ത മലിനജലം വിവേചനരഹിതമായി ഒഴുക്കി നമ്മുടെ ജലസ്രോതസ്സുകളെ അപ്പാടെ മലീമസമാക്കുന്നതിലും കുപ്രസിദ്ധി കൈവരിച്ചിരിക്കുന്നു. ജൈവമാലിന്യങ്ങൾ, പ്രത്യേകിച്ചും പാർപ്പിടസമുച്ചയങ്ങൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, റിസോർട്ടുകൾ, ആശുപത്രികൾ, ഹോസ്റ്റലുകൾ, അറവുശാലകൾ, മാർക്കറ്റുകൾ തുടങ്ങി ജനങ്ങൾ കൂട്ടായി എത്തുന്നതും വൻതോതിൽ മാലിന്യങ്ങൾ ഉത്പാദിപ്പിക്കുന്നതുമായ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം സ്രോതസ്സിൽ തന്നെ സംസ്കരിക്കുമെന്ന് നിയമംമൂലം ഉറപ്പുവരുത്തണം. ഈ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കാത്ത സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നിഷേധിക്കണം. നിലവിലുള്ള ഇത്തരം കേന്ദ്രങ്ങളിൽ ഈ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ആവശ്യമെങ്കിൽ സർക്കാർ സഹായത്തോടെ സമയബന്ധിത പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

#### സർക്കാർ സ്വീകരിച്ച നടപടി

#### (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

വ്യവസായശാലകൾ, ഹോട്ടലുകൾ പാർപ്പിടസമുച്ചയങ്ങൾ, ആശുപത്രികൾ മുതലായവയിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ടി സ്ഥാപനങ്ങളിൽതന്നെ ആവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയോടുകൂടിയാണ് നിലവിൽ കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ടി സ്ഥാപനങ്ങൾക്ക് സ്ഥാപനാനുമതി നൽകുന്നത്. വീണ്ടും പ്രവർത്തനാനുമതി നൽകുന്ന അവസരത്തിൽ അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നു വിലയിരുത്തി മാത്രമാണ് അനുമതി നൽകുന്നത്. നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ സ്ഥാപനം അടച്ചുപൂട്ടിക്കൽ ഉൾപ്പെടെയുള്ള കർശന നടപടികൾവരെ ബോർഡ് സ്വീകരിക്കാറുണ്ട്.

കൂടാതെ മലിനീകരണ നിയന്ത്രണത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി എറണാകുളം, പത്തനംതിട്ട, വടക്കാഞ്ചേരി എന്നിവിടങ്ങളിലെ ജനറൽ ആശുപത്രികളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നുള്ള സംസ്കരിച്ച മലിനജലം പൈപ്പ് ലൈൻ വഴി കനോലി കനാലിൽ എത്തിക്കുന്നതിനും വേണ്ടതായ ധനസഹായം മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയിട്ടുണ്ട്. കൂടാതെ എരുമേലിയിൽ ബോർഡിന്റേതായ ഫണ്ടുപയോഗിച്ച് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പണിത് പ്രവർത്തിപ്പിച്ച് ദേവസ്വം ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ മുനിസിപ്പാലിറ്റിക്കും തളിപ്പറമ്പ് മുനിസിപ്പാലിറ്റിക്കും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനും കണ്ണൂർ, മട്ടന്നൂർ മുനിസിപ്പാലിറ്റികൾക്ക് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനും കട്ടപ്പന, കമിളി, കാലടി പഞ്ചായത്തുകൾക്ക് ആധുനിക അറവുശാല നിർമ്മിക്കുന്നതിനും പരിസ്ഥിതി വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 2011-ലെ രണ്ടാം ഭേദഗതി പ്രകാരം 334-ാം വകുപ്പിനും 143-ാം വകുപ്പിനും ഭേദഗതി വരുത്താൻ കഴിഞ്ഞിട്ടുണ്ട്. അതേ തരത്തിൽ 2014-ൽ പഞ്ചായത്തി രാജ് ആക്ടിലെ 219 വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് രണ്ടാം ഭേദഗതി ബില്ലും പാസ്സാക്കിയിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം പഞ്ചായത്ത് നിയമത്തിലെ 219(ബി) വകുപ്പ് അനുസരിച്ച് വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാൾ, ഫിഷ് സ്റ്റാൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ലാറ്റ്സ്, ഹോട്ടൽ, മറ്റ് സ്ഥാപനങ്ങൾ, 400 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വീടുകൾ തുടങ്ങിയവയും ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളിലും ബയോ ഡ്രേഡ് വേസ്റ്റിന്റെ ഉറവിട മാലിന്യസംസ്കരണം അതത് ഉടമസ്ഥരുടെ ചുമതലയായി ഉത്തരവാദിത്വം നൽകി നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ മലിനജലമോ മാലിന്യമോ ജലാശയങ്ങളിലേക്കോ, ഓടയിലേക്കോ, പൊതുവഴിയിലേക്കോ, പൊതുസ്ഥാപനങ്ങളിലേക്കോ നിർമ്മാർജ്ജനം ചെയ്യുന്നത് നിരോധിച്ചിട്ടുമുണ്ട്. മുകളിൽ പറഞ്ഞ ചുമതലകൾ നിർവ്വഹിക്കാതെ ലംഘനം നടത്തുന്ന സ്ഥാപനത്തിന്മേൽ 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ

കാലത്തേക്കുള്ള തടവോ 10,000 രൂപയിൽ കുറയാത്തതും 50,000 രൂപ വരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ നൽകാൻ നിയമ ഭേദഗതി വരുത്തി, ഈ കുറ്റം തുടർന്നും നടത്തിയാൽ ഓരോ ദിവസത്തേക്കും 1,000 രൂപയിൽ കുറവല്ലാത്ത പിഴയും ശിക്ഷിക്കാൻ നിയമ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതേ തരത്തിൽ കേരള മുനിസിപ്പൽ നിയമത്തിലും ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ റസിഡൻസ് അസോസിയേഷൻ, കോളനികൾ, സർക്കാർ ക്വാർട്ടേഴ്സുകൾ, സ്കൂളുകൾ, ആശുപത്രികൾ, ഹോസ്റ്റൽ, ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ, ഇറച്ചിക്കടകൾ എന്നിവയിൽ ഖര-മാലിന്യ സംവിധാനം ഏർപ്പെടുത്തുന്നതിന് യൂണിറ്റ് നിരക്കിന്റെ 50%മോ പരമാവധി ഒരു ലക്ഷം രൂപയോ സബ്സിഡിയായി ശുചിത്വ മിഷൻ നൽകിവരുന്നുണ്ട്. വ്യവസായശാലകൾ, ഹോട്ടലുകൾ, പാർപ്പിടസമുച്ചയങ്ങൾ, ആശുപത്രികൾ മുതലായവയിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി ടി സ്ഥാപനങ്ങൾ തന്നെ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനയോടുകൂടിയാണ് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് ടി സ്ഥാപനങ്ങൾക്ക് സ്ഥാപനാനുമതി നൽകുന്നത്. വീണ്ടും പ്രവർത്തനാനുമതി നൽകുന്ന അവസരത്തിൽ അവ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നു വിലയിരുത്തി മാത്രമാണ് ബോർഡ് അനുമതി നൽകുന്നത്. നിബന്ധനകൾ ലംഘിക്കുന്നവർക്കെതിരെ സ്ഥാപനം അടച്ചുപൂട്ടിക്കൽ തുടങ്ങി കർശന നടപടികൾ ബോർഡ് സ്വീകരിക്കാറുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

2. <u>ഖണ്ഡിക 121-ലെ ശിപാർശ</u>

ജൈവമാലിന്യ സംസ്കരണത്തിന് മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ അനുയോജ്യമായ ബയോഗ്യാസ് പ്ലാന്റുകൾ, വിവിധതരത്തിലുള്ള കമ്പോസ്റ്റ് നിർമ്മാണം എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്. ഇത്തരം പ്ലാന്റുകളും സംവിധാനങ്ങളും സംബന്ധിച്ച ശാസ്ത്ര-സാങ്കേതിക-നിർമ്മാണ മാനദണ്ഡങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾ രൂപം നൽകി പ്രചരിപ്പിച്ച് നിയമാധിഷ്ഠിതം നടപ്പാക്കണം. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംഭരിക്കുന്നതിനും അവയുടെ പുനഃചംക്രമണത്തിനും നിർമ്മാർജ്ജനത്തിനും നിയമംമൂലം വ്യവസ്ഥ ചെയ്യണം. മലിനജലം പുനഃചംക്രമണത്തിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും അത്തരത്തിൽ ലഭിക്കുന്ന ജലം അടുക്കളത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, പുൽത്തകിടികൾ, ടെറസ് ഗാർഡനുകൾ എന്നിവയുടെ ജലസേചനത്തിനും സമാന ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനും നിയമ വ്യവസ്ഥ ഉറപ്പുവരുത്തണം. ജലസ്രോതസ്സുകൾ മലിനീകരിക്കുന്ന ഏതു നടപടിയും ശിക്ഷാർഹമായ കുറ്റമായി വ്യവസ്ഥ ചെയ്യണം.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

ഹോട്ടലുകൾ, മറ്റു കെട്ടിട സമുച്ചയങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം കഴിവതും സംസ്കരിച്ച് പുനരുപയോഗിക്കാൻ മലിനീകരണനിയന്ത്രണ ബോർഡ് നൽകുന്ന അനുമതിപത്രത്തിൽ നിഷ്കർഷിക്കാറുണ്ട്. കൂടാതെ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് പുനരുപയോഗം ചെയ്യുന്ന ഏജൻസികൾ വഴി നിർമ്മാർജ്ജനം ചെയ്യാനും ബോർഡ് നിർദ്ദേശിക്കാറുണ്ട്.

ജലാശയങ്ങൾ മലിനീകരിക്കുന്നത് ശിക്ഷാർഹമാണെന്ന് ജല (മലിനീകരണ നിവാരണ, നിയന്ത്രണ) നിയമത്തിലും, പഞ്ചായത്ത് രാജ് നിയമത്തിലും, മുനിസിപ്പാലിറ്റീസ് നിയമത്തിലും വ്യവസ്ഥ ചെയ്യുന്നുണ്ട്. ഹൈറൈസ് ബിൽഡിംഗുകളിൽ ട്രീറ്റ് ചെയ്ത ജലത്തിന്റെ സ്റ്റാൻഡേർഡ് BOD<30 ആയി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗാർഡനിംഗിനും വാഹനം കഴുകുന്നതിനും പുനരുപയോഗപ്പെടുത്തുന്നുമുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

വിവിധ തരത്തിലുള്ള ഉറവിട മാലിന്യ സംവിധാനത്തിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് യൂണിറ്റുകൾക്കും ബയോഗ്യാസ് പ്ലാന്റുകൾക്കും ആവശ്യമായ സ്പെസിഫിക്കേഷൻ, സ്റ്റാൻഡേർഡ്, പ്രവൃത്തി പരിപാലന മാനദണ്ഡങ്ങൾ, യൂണിറ്റ് കോസ്റ്റ് തുടങ്ങിയവ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയത് കാലോചിതമായി പുതുക്കുവാനുള്ള നടപടികളും നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജല മലിനീകരണ നിവാരണ നിയന്ത്രണ നിയമ പ്രകാരം ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കാനുള്ള പ്ലാന്റുകൾ ഉണ്ടായിരിക്കണമെന്ന് നിയമം നിഷ്കർഷിച്ചിട്ടുണ്ട്. ആകയാൽ ബഹു. സമിതിയുടെ ശിപാർശ പ്രകാരമുള്ള നിയമ ഭേദഗതികൾ നിലവിൽ വന്നിട്ടുണ്ട്. ഹോട്ടലുകൾ, മറ്റ് കെട്ടിട സമുച്ചയങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം കഴിവതും സംസ്കരിച്ച് പുനരുപയോഗിക്കാൻ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നിഷ്കർഷിക്കാറുണ്ട്. അജൈവ മാലിന്യങ്ങൾ വേർതിരിച്ച് പുനരുപയോഗം ചെയ്യുന്ന ഏജൻസികൾ വഴി നിർമ്മാർജ്ജനം ചെയ്യാനും ബോർഡ് നിർദ്ദേശിക്കാറുണ്ട്.

പഞ്ചായത്ത് രാജ് ആക്ടിലെ 219 (എസ്) പ്രകാരം ചവറോ, മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന തിനെതിരെ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. സെക്ഷൻ 219 (എസ്) പ്രകാരം ഈ കുറ്റം ജാമ്യമില്ലാത്തതും കോഗ്നൈസിബിളുമാണ്. 1,000-ത്തിൽ കുറയാത്തതും 25,000-ൽ കവിയാത്തതുമായ പിഴയും 6 മാസത്തിൽ കുറയാത്തതും ഒരു വർഷത്തിൽ കവിയാത്തതുമായ തടവുശിക്ഷയും ലഭിക്കാവുന്നതായ കുറ്റമാണ്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(സി) ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 27487/ഐ.ആർ3/11/ജലവിഭവ. തീയതി 14-2-2013)

ഹോട്ടലുകൾ, മറ്റു കെട്ടിടസമുച്ചയങ്ങൾ എന്നിവയിൽ നിന്നുള്ള മലിനജലം കഴിവതും സംസ്കരിച്ച് പുനരുപയോഗിക്കാൻ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നൽകുന്ന അനുമതി പത്രത്തിൽ നിഷ്കർഷിക്കാറുണ്ട്. കൂടാതെ അജൈവമാലിന്യങ്ങൾ വേർതിരിച്ച് പുനരുപയോഗം ചെയ്യുന്ന ഏജൻസികൾ വഴി നിർമ്മാർജ്ജനം ചെയ്യാനും ബോർഡ് നിർദ്ദേശിക്കാറുണ്ട്.

ജലാശയങ്ങൾ മലിനീകരിക്കുന്നത് ശിക്ഷാർഹമാണെന്ന് ജല (മലിനീകരണ നിവാരണ, നിയന്ത്രണ) നിയമത്തിലും, പഞ്ചായത്ത് രാജ് നിയമത്തിലും, മുനിസിപ്പാലിറ്റീസ് നിയമത്തിലും വ്യവസ്ഥ ചെയ്യുന്നുണ്ട്.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

3. ഖണ്ഡിക 122-ലെ ശിപാർശ

മാലിന്യസംസ്കരണ രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി, ഉപയോഗിച്ച് വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് ക്യാരിബാഗുകളാണ് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ നിയമംമൂലം നിരോധിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ അഭിലഷണീയമായ മാറ്റമൊന്നും പ്രകടമല്ല. പ്ലാസ്റ്റിക് നിരോധനം കർക്കശമാക്കണം. നിരോധനം 50 മൈക്രോണായി ഉയർത്തണം. പ്ലാസ്റ്റിക് ക്യാരിബാഗുകൾ വൃത്തിയായി സംഭരിച്ച് ബിറ്റുമിനൊപ്പം ചേർത്ത് റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുകവഴി പ്ലാസ്റ്റിക് വിപത്തിന് വലിയൊരളവ് പരിഹാരമാകും. തമിഴ്നാടടക്കം ഇതര സംസ്ഥാനങ്ങളിൽ വിജയകരമായി പരീക്ഷിച്ച വിജയിച്ച ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ കേരളത്തിലെ പൊതുമരാമത്ത് വകുപ്പ് കാണിക്കുന്ന അമാന്തം കുറ്റകരമാണ്.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) റൂൾസ്, 2011 നിലവിൽ വന്നതോടുകൂടി 40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ഉല്പാദനം, സംഭരണം, വിതരണം എന്നിവ ഇന്ത്യയിൽ അനുവദനീയമല്ല. 50 മൈക്രോണിൽ താഴെകനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉല്പാദനം, സംഭരണം, വിതരണം എന്നിവ നിരോധിച്ചു കൊണ്ട് 20-9-2008-ൽ ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി വിജ്ഞാപനം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

40 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ സംസ്ഥാനത്തിനു പുറത്തുനിന്ന് എത്തിക്കുന്നത് അനുവദിക്കരുതെന്നും ചെക്പോസ്റ്റുകളിൽ കൂടി കടത്തിവിടുന്നവ ഉത്പാദകന്റെ പേര്, രജിസ്ട്രേഷൻ, ക്യാരിബാഗിന്റെ കനം മുതലായ വിശദവിവരങ്ങൾ പ്രിന്റ് ചെയ്ത ലേബലോടുകൂടിയതായിരിക്കണമെന്ന് ഉറപ്പുവരുത്തുവാനും സെയിൽ ടാക്സ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 40 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ നിരോധനം ഉറപ്പാക്കുന്നതിന് ജില്ലാ പോലീസ് ചീഫിനെ ചുമതലപ്പെടുത്തി സ്റ്റേറ്റ് പോലീസ് ചീഫ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ മേൽപ്പറഞ്ഞ വകുപ്പുകളുടെ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് ബിറ്റുമിനൊപ്പം വെയ്സ്റ്റ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുമതി നൽകി G.O. (Ms.) No. 61/13/PWD dated 20-7-2013 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

ദേശീയതലത്തിൽ നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള 2011-ലെ പ്ലാസ്റ്റിക് (Waste and Management Handling) Rules പ്രകാരം ദേശീയതലത്തിൽ തന്നെ 40 മൈക്രോണിൽ താഴെ കട്ടിയില്ലുള്ള പ്ലാസ്റ്റിക് കവറുകൾ നിരോധിച്ചുകൊണ്ടുള്ള നിയമം നിലവിലുണ്ട്. 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ

നിരോധിച്ചുകൊണ്ട് 20-6-2008-ൽ മലിനീകരണനിയന്ത്രണ ബോർഡ് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി വിജ്ഞാപനം ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. റോഡ് നിർമ്മാണത്തിനായി പ്ലാസ്റ്റിക് ഉപയോഗിക്കുന്ന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(സി) പൊതുമരാമത്ത് (എച്ച്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 25329/എച്ച്2/11/പൊ.മ.വ. തീയതി 12-6-2014)

ഗ്രാമീണ റോഡുകളിലും, ഗതാഗതം കുറഞ്ഞ റോഡുകളിലും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നാഷണൽ റൂറൽ ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പരീക്ഷണാടിസ്ഥാനത്തിൽ പ്രവൃത്തികൾ നടത്തുന്നതിന് പൊതുമരാമത്ത്, തദ്ദേശസ്വയംഭരണം, വനം തുടങ്ങി മറ്റ് വകുപ്പുകൾക്കും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് [സ.ഉ. (എംഎസ്.) നമ്പർ 61/2013/ പൊ.മ.വ. തീയതി 20-7-2013] പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും 5 കി.മീറ്ററെങ്കിലും റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യാനാണ് പൊതുമരാമത്ത് വകുപ്പ് ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിലെ സിവിൽ സ്റ്റേഷൻ-IMG-നിലംപതിഞ്ഞി റോഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തുകൊണ്ടാണ് ഈ പദ്ധതി ഉത്ഘാടനം ചെയ്തത്. തിരുവനന്തപുരം ജില്ലയിൽ എസ്.എസ്. കോവിൽ റോഡും, വയനാട് ജില്ലയിലെ മാനന്തവാടി-കൈതയ്ക്കൽ റോഡും, കാസർഗോഡ് ജില്ലയിലെ ബന്തടുക്ക-വീട്ടിയാടി-ബളാംതോട് റോഡും പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്തുകഴിഞ്ഞു.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

4. ഖണ്ഡിക 123-ലെ ശിപാർശ

കാഡ്മിയം ബാറ്ററികൾ, മെർക്കുറി ഉപയോഗിക്കുന്ന സി.എഫ്. ലാമ്പുകൾ, ഉപയോഗശൂന്യമായ സെൽഫോണുകൾ, കമ്പ്യൂട്ടറുകൾ അവയുടെ അവശിഷ്ടങ്ങൾ തുടങ്ങിയ അപായകരമായ മാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഏതു പരിഷ്കൃത സമൂഹത്തിന്റെയും പ്രശ്നമാണ്. ഈ മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിൽ ഉല്പാദകരായ കോർപ്പറേറ്റുകൾ മുഖ്യ ഉത്തരവാദിത്വം ഏൽക്കണം. ഉപയോഗശൂന്യമായി മാറുന്ന ഇത്തരം ഉപകരണങ്ങളും മറ്റും തിരികെ സംഭരിക്കുന്നതിനും പുനഃചംക്രമണത്തിനും അവശിഷ്ടനിർമ്മാർജ്ജനത്തിനും ഉൽപ്പാദകർക്കുള്ള ഉത്തരവാദിത്വം നിയമവിധേയമാക്കണം അത് അവരുടെ സാമൂഹ്യ ഉത്തരവാദിത്വമാണെന്ന് നിയമംമൂലം ഉറപ്പുവരുത്തണം.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) റൂൾസ്, 2011 മേയ് മുതൽ നിലവിൽ വന്നു. ടി റൂൾസ് പ്രകാരം, റൂൾസിന്റെ ഷെഡ്യൂൾ 1-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപഭോക്താക്കൾ ഉപയോഗശേഷം അവ അംഗീകൃത കളക്ഷൻ സെന്റർ വഴിയോ രജിസ്റ്റേർഡ് ഡിസ്മാന്റ്ലർ/റീ സൈക്ലർ വഴിയോ ടെയ്ക്ക് ബാക് സംവിധാനം വഴിയോ നിർമ്മാർജ്ജനം ചെയ്യണമെന്നാണ്. ഇ-വെയ്സ്റ്റ് കൈകാര്യം ചെയ്യുന്നതിന് buy-back/take back സിസ്റ്റം നിഷ്കർഷിച്ചുകൊണ്ടും കളക്ഷൻ ഏജന്റുമാരെ ലിസ്റ്റ് ചെയ്തും 1-1-2014-ലെ സ.ഉ. (എം.എസ്.) 1/14/പരി. പ്രകാരം ഇ-വേസ്റ്റ് ശേഖരണ വിതരണ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) വ്യവസായ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 27946/ജി2/14/വ്യവ. തീയതി 2-1-2015)

ഉപയോഗശൂന്യമായ മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ എന്നിവ ഉൾപ്പെടുന്ന ഇ-മാലിന്യം സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നത് ഉറപ്പാക്കാനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിംഗ്) റൂൾസ് 2011, 1-5-2012 മുതൽ നിലവിൽ വന്നു. ടി റൂൾസ് പ്രകാരം ഉപയോഗശൂന്യമായ ഇലക്ട്രിക്കൽ, ഇലക്ട്രോണിക് ഉപകരണങ്ങളും അവയുടെ അവശിഷ്ടങ്ങളും (ഇ-മാലിന്യം) ഉല്പാദകർ മുഖേന തന്നെ നിർമ്മാർജ്ജനം ചെയ്യിക്കുന്നതിനായി ചട്ടങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഉപഭോക്താക്കളിൽ നിന്നും എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി പ്രകാരം ഇ-മാലിന്യം ശേഖരിക്കുന്നതിനും അവ നേരിട്ടോ അംഗീകൃത കളക്ഷൻ സെന്റർ വഴിയോ സുരക്ഷിതമായി അംഗീകൃത പുനഃചംക്രമണ നിർമ്മാർജ്ജന സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഉൽപ്പാദകർക്കാണ്.

കാഡ്മിയം ബാറ്ററികളുടെ നിർമ്മാർജ്ജനം used batteries ഗണത്തിൽ ഉൾപ്പെടുത്തി ഹസാർഡസ് വേസ്റ്റ് റൂൾസിന് വിധേയമായി ചെയ്യേണ്ടതാണ്.

നമ്മുടെ സംസ്ഥാനത്ത് നിലവിൽ ഇ-ഉൽപ്പന്നങ്ങളുടെ ഉല്പാദനം നടക്കുന്നില്ല. ആയതിനാൽ ഇ-ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്ന ഉൽപ്പാദകരിലൂടെ take back system നടപ്പിലാക്കുന്നത് ശ്രമകരമാണ്.

ഇ-ഉൽപ്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നത് വാണിജ്യ സംരംഭകരിലൂടെയാണ് (Wholesale and retail shops വഴി). ഇവർ കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നില്ല. ആയതിനാൽ അവർക്ക് അനുമതി പ്രക്രിയയിലൂടെ ഉപയോഗശേഷം തിരിച്ചെടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തിക്കുവാൻ ബുദ്ധിമുട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർ നൽകുന്ന അനുമതിയിൽ ഇതിനായി പ്രത്യേക നിബന്ധന ഉൾപ്പെടുത്തി ഇ-മാലിന്യം ഉപയോഗശേഷം തിരിച്ചെടുക്കാനുള്ള take back system ഉറപ്പുവരുത്താവുന്നതാണ്. കൂടാതെ ഇ-മാലിന്യ ശേഖരണ സെന്റർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രധാനപ്പെട്ട നഗരങ്ങളിലും പട്ടണങ്ങളിലും സ്ഥാപിക്കേണ്ടതാണ്.

വിവിധ സ്ഥലങ്ങളിൽ നിന്ന് ഇ-വേസ്റ്റ് ശേഖരിച്ച് അന്യസംസ്ഥാന ഏജൻസി വഴി നിർമ്മാർജ്ജനം ചെയ്യുന്നതിന് കേരളത്തിൽ നാല് കളക്ഷൻ സെന്ററുകൾക്ക് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് അനുമതി നൽകിയിട്ടുണ്ട്. എർത്ത് സെൻസ് റീസൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ്, കഞ്ചിക്കോട്, പാലക്കാട്, വേണാട് സ്റ്റീൽ കോർപ്പറേഷൻ, വെള്ളായണി, നേമം, തിരുവനന്തപുരം, അൽ അമീൻ ഇൻഡസ്ട്രീസ്, ആലുവ, എറണാകുളം, കേരള എൻവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, അമ്പലമേട്, എറണാകുളം എന്നിവയാണ് ഇപ്രകാരം അനുമതി നേടിയിട്ടുള്ളത്.

ഇ-മാലിന്യം സുരക്ഷിതമായി ശേഖരിക്കുന്നതും ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതും ഉറപ്പാക്കാനായി സംസ്ഥാന സർക്കാർ 1-1-2014-ൽ ഉത്തരവ് ഇറക്കിയിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വവും കൈക്കൊള്ളേണ്ട നടപടികളും ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സി.എഫ്.എൽ., ട്യൂബ് ലൈറ്റ് എന്നിവയുടെ നിർമ്മാർജ്ജനത്തിന് 'എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി' പ്രാവർത്തികമാക്കാൻ പ്രയാസമുള്ളതിനാൽ പ്രത്യേക സംവിധാനമാണ് നിർദ്ദേശിച്ചിരിക്കുന്നത്. വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ഇത്തരം മാലിന്യങ്ങൾ ശേഖരിക്കുന്നതും അവ സൂക്ഷിക്കുന്നതിന് കളക്ഷൻ സെന്റർ ഏർപ്പെടുത്തുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

11-2-2015-ലെ സമിതിയോഗം സർക്കാർ മറുപടി പരിഗണിക്കുകയും ഉപയോഗശൂന്യമായ സി.എഫ്.എൽ., ട്യൂബ് ലൈറ്റുകൾ എന്നിവയും ഇ-മാലിന്യങ്ങളും വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്നതിനും അവ സൂക്ഷിക്കുന്നതിന് കളക്ഷൻ സെന്റർ ഏർപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കണ മെന്നാവശ്യപ്പെടുകയും ചെയ്തു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി</u>

(3-8-2015-ലെ 61787/ഡിസി1/14/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയത്)

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ടെലിഫോണുകൾ, മൊബൈൽ ഫോണുകൾ, പ്രിന്ററുകൾ, ഫോട്ടോകോപ്പിയറുകൾ, സ്കാനറുകൾ, ക്യാമറകൾ, സ്വിച്ചുകൾ, ഫാൻ, എയർ കണ്ടീഷണറുകൾ, ഇലക്ട്രിക്കൽ മോട്ടോറുകൾ, ജനറേറ്ററുകൾ, കേബിളുകൾ തുടങ്ങി എല്ലാ ഇലക്ട്രോണിക്, ഇലക്ട്രിക്കൽ മാലിന്യങ്ങളും കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ രസീത് കൈപ്പറ്റി ക്ലീൻ കേരള കമ്പനിയെ ഏല്പിക്കേണ്ടതാണ് എന്ന ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും ഇ-വേസ്റ്റ് ശേഖരിക്കുന്ന പദ്ധതികളൊന്നും തന്നെ നിലവിൽ ഇല്ല. സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് കൊച്ചി കോർപ്പറേഷൻ, ആറ്റിങ്ങൽ നഗരസഭ, നെടുമങ്ങാട് നഗരസഭ എന്നിവർ ഇ-മാലിന്യങ്ങളുടെ ശേഖരണം തുടങ്ങുവാൻ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>5. ഖണ്ഡിക 124-ലെ ശിപാർശ</u>

കേരളത്തിന്റെ കാലാവസ്ഥ, ഉയർന്ന വർഷപാതം, അന്തരീക്ഷത്തിലെ ഉയർന്ന ഹ്യൂമിഡിറ്റി എന്നിവ ഇതര സംസ്ഥാനങ്ങളെക്കാളും മാലിന്യസംസ്കരണം ദുഷ്കരമാക്കുന്നു. ഈ സവിശേഷ കാലാവസ്ഥയ്ക്ക് അനുയോജ്യമായ മാലിന്യസംസ്കരണ തന്ത്രവും സാങ്കേതികവിദ്യയും, വിദഗ്ധ മനുഷ്യ വിഭവവും കൂടിയേ തീരൂ. കേരളത്തിലെ സർവ്വകലാശാലകൾ, ഗവേഷണ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഈ രംഗത്തുപ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ എന്നിവയെ

ഏകോപിപ്പിച്ചുകൊണ്ട് ഒരു മാലിന്യസംസ്കരണ തന്ത്രത്തിന് രൂപം നൽകണം അനുയോജ്യമായ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കണം. മാലിന്യനിർമ്മാർജ്ജന പരിപാടികൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന മികവുറ്റ പ്രൊഫഷണലുകളെ പരിശീലിപ്പിച്ച് വിന്യസിപ്പിക്കാൻ ഉതകുംവിധം ഈ രംഗം അടിമുടി ഉടച്ചുവാർക്കണം. കേരള കാർഷിക സർവ്വകലാശാല മാലിന്യസംസ്കരണ വിദഗ്ധരെ വാർത്തെടുക്കുന്ന ഒരു ബിരുദാനന്തര ബിരുദ ഡിപ്ലോമ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത് കാലവിളംബം കൂടാതെ നടപ്പാക്കണം.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

ജൈവ ജീർണ്ണനത്തിനു വിധേയമാകുന്ന ഗാർഹിക മാലിന്യങ്ങൾ പ്രോസസ് ചെയ്യുന്നതിന് NIIST Anaerobic Digester സംവിധാനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. കമ്പോസ്റ്റ് വളവും ബയോഗ്യാസും പ്രയോജനപ്പെടുത്താവുന്ന ഉറവിട മാലിന്യസംസ്കരണ രീതിയാണ് അവലംബിച്ചിരിക്കുന്നത്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് അനുയോജ്യമായ മാലിന്യസംസ്കരണ തന്ത്രവും സാങ്കേതികവിദ്യയും മനുഷ്യവിഭവവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ ഇതിനോടകം കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ചില വിദഗ്ദ്ധ സമിതികളെ സർക്കാർ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റിക്കാരുടെ ശിപാർശ നടപ്പിലാക്കാനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്. കൂടാതെ ബഹു. സമിതി ശിപാർശ ചെയ്തതുപോലെ മാലിന്യസംസ്കരണ മേഖലയിൽ കൂടുതൽ വിദഗ്ധരെ വാർത്തെടുക്കുന്നതിനായി ബിരുദാനന്തര Diploma Course, Kerala Agricultural University-യും ശുചിത്വ മിഷനും സംയുക്തമായി നടത്താനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പ്രസ്തുത കോഴ്സിന്റെ രണ്ട് ബാച്ചുകൾ ഇതിനകം പഠനം പൂർത്തീകരിച്ചിട്ടുണ്ട്. ഇവരെ ഈ മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്നതാണ്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (സി) കൃഷി (ഫാംസ്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28484/എ.എഫ്2/14/കൃഷി തീയതി 30-6-2015)

സംസ്ഥാനത്തിന് അനുയോജ്യമായ മാലിന്യസംസ്കരണ സാങ്കേതികവിദ്യ വികസിപ്പിച്ചെടുക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മാലിന്യസംസ്കരണ വിദഗ്ദ്ധരെ വാർത്തെടുക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി കാർഷിക കോളേജിൽ ഖര മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഒരു ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സ് 2011-ൽ ശുചിത്വ മിഷന്റെ സഹായസഹകരണങ്ങളോടെ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോഴ്സ് വിജയകരമായി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ശുചിത്വ മിഷനുമായി സഹകരിച്ച് പ്രവർത്തിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(12-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

6. ഖണ്ഡിക 125-ലെ ശിപാർശ

സംസ്ഥാനത്തെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാനം ഫലപ്രദമായ ശാസ്ത്രീയ രീതി അവലംബിച്ചുവരുന്നില്ലായെന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. മാലിന്യസംസ്കരണത്തിന്റെ ചുമതല വഹിക്കുന്ന ആരോഗ്യ വിഭാഗത്തിന് ഈ രംഗത്ത് ഉയർന്നുവന്നിട്ടുള്ള വെല്ലുവിളികൾ നേരിടാൻ ആവശ്യമായ ശാസ്ത്ര-സാങ്കേതിക വൈദഗ്ദ്ധ്യം അപര്യാപ്തമാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിവുറ്റ ഒരു പ്രൊഫഷണൽ നിരയെ തന്നെ സജ്ജമാക്കേണ്ടതുണ്ട്. മാലിന്യ നിർമ്മാർജ്ജനം സർവ്വകലാശാല തലത്തിൽ പഠന വിഷയമാക്കണമെന്നും ഇത്തരത്തിൽ യോഗ്യത നേടുന്നവരെ ഉൾപ്പെടുത്തി മാലിന്യസംസ്കരണ സംവിധാനങ്ങൾ ശക്തമാക്കണം.

സർക്കാർ സ്വീകരിച്ച നടപടി

## തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61789/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

എഞ്ചിനീയറിംഗ് യോഗ്യതയുള്ളവരെ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടുത്താനുള്ള നടപടി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും മാതൃകാ പദ്ധതികൾ അവർക്ക് ലഭ്യമാക്കാനും ശുചിത്വ മിഷൻ വഴി നടപടി എടുത്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ

തയ്യാറാക്കുന്നതിനായി ഇത്തരത്തിൽ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് ഇപ്പോൾ ഉപയോഗപ്പെടുത്തിവരുന്നത്. കൂടാതെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഒരു പോസ്റ്റ് ഡിപ്ലോമ കോഴ്സ് ശുചിത്വ മിഷൻ നടത്തിവരുന്നു. ഈ കോഴ്സിന്റെ ഭാഗമായി 6 മാസക്കാലം ശുചിത്വ മിഷനിൽവച്ച് സാങ്കേതിക പരിശീലനം ഉറപ്പാക്കാനുള്ള നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ഇതുകൂടാതെ കോർപ്പറേഷനുകളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ മേൽനോട്ടം ഒരു എൻവയോൺമെന്റൽ എഞ്ചിനീയറെക്കൊണ്ട് നടത്തിക്കുവാൻ പര്യാപ്തമാക്കുന്ന തരത്തിൽ വിദഗ്ദ്ധരെ കണ്ടെത്താനുള്ള ഒരു ശ്രമം തദ്ദേശസ്വയംഭരണ വകുപ്പ് നടത്തിയെങ്കിലും ആയതിന് യോഗ്യതയുള്ളവരെയും താൽപ്പര്യമുള്ളവരെയും കിട്ടിയിട്ടില്ല.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

7. ഖണ്ഡിക 126-ലെ ശിപാർശ

മുനിസിപ്പൽ കോർപ്പറേഷൻ അടക്കം നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണത്തിനുവേണ്ടി സ്ഥലം ലഭിക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ നേരിടുന്നു. തദ്ദേശവാസികളുടെ ശക്തമായ എതിർപ്പാണ് മുഖ്യകാരണം. സംസ്കരണ കേന്ദ്രങ്ങൾ എന്നാൽ അറപ്പും വെറുപ്പും ഓക്കാനവും ജനിപ്പിക്കുന്ന ഒരു ചിത്രമാണ് ജനങ്ങൾക്കു നൽകുന്നത്. പരിസ്ഥിതി സൗഹൃദപരവും ആരോഗ്യകരവും മണ്ണിനെയും ജലസ്രോതസ്സുകളെയും പരിരക്ഷിക്കുന്ന സംവിധാനങ്ങളാണ് ഇവയെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും, അവ പ്രവൃത്തിപഥത്തിലൂടെ തെളിയിക്കാനും കഴിയുന്നവയായിരിക്കണം. മാലിന്യങ്ങളിൽ നിന്ന് ഊർന്നിറങ്ങുന്ന ലീച്ച് പുനഃചംക്രമണത്തിന് വിധേയമാക്കാനുള്ള സംവിധാനങ്ങൾ അനിവാര്യമാണ്. മാലിന്യസംസ്കരണ കേന്ദ്രങ്ങൾ സെക്യേർഡ് ലാൻഡ് ഫില്ലുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവയ്ക്ക് ചുറ്റും ഹരിതവലയങ്ങൾ ഉറപ്പുവരുത്തണം. എല്ലായിടത്തും ലാന്റ് ഫില്ലുകൾ ജനസാന്ദ്രതയേറിയ കേരളത്തിൽ ശ്രമകരമാണ്. അതുകൊണ്ടുതന്നെ ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുന്ന 'കോമൺ ലാന്റ് ഫില്ലുകൾ' ഗവൺമെന്റ് തന്നെ സ്ഥലം കണ്ടെത്തി ഏറ്റെടുക്കണം.

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 61787/ഡി.സി1/14/ത.സ്വ.ഭ.വ. തീയതി 4-11-2014)

ജനങ്ങളുടെ ഭാഗത്ത് നിന്നുള്ള എതിർപ്പ് കുറയ്ക്കുന്നതിന് വിവിധ തലത്തിലുള്ള ബോധവൽക്കരണ പ്രചരണ പരിപാടികൾ ശുചിത്വ മിഷന്റെ ഭാഗത്ത് നിന്നും

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും വ്യാപകമായി കൈക്കൊണ്ടുവരുന്നു. കൂടാതെ നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കുന്നതിന് മുന്തിയ പരിഗണനയാണ് ഇക്കഴിഞ്ഞ 3 വർഷങ്ങളായി കൈക്കൊണ്ടുവരുന്നത്. ആയതിനുള്ള പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 100% സാമ്പത്തിക സഹായം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുന്നതിനുള്ള നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്. ഇക്കഴിഞ്ഞ 3 വർഷങ്ങളായി 27 നഗരസഭകളിൽ നിലവിലുള്ള പ്ലാന്റുകൾ നവീകരിക്കാനും അവയെ കുറ്റമറ്റതാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി തയ്യാറാക്കാനും അവയ്ക്ക് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും സർക്കാരിന്റെ ഭാഗത്തുനിന്ന് ശുചിത്വ മിഷൻവഴി നൽകാനും കഴിഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനത്തിൽ പ്ലാന്റിന്റെ ശേഷി വർദ്ധിപ്പിക്കുക, ഷെഡിന്റെ വശങ്ങൾ മറയ്ക്കുക, പ്ലാന്റിലെ മലിനജല ശേഖരണത്തിനും സംസ്കരണത്തിനും ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കുക, ഒന്നിൽ കൂടുതൽ സാങ്കേതികവിദ്യകൾ ഉപയോഗിക്കുക (വിൻഡ്രോ കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്), പ്ലാന്റിന്റെ ചുറ്റും ഗ്രീൻ ബെൽറ്റ് ഉണ്ടാക്കുക തുടങ്ങിയ പ്രവൃത്തികൾക്കാണ് അനുമതി നൽകി സാമ്പത്തിക സഹായം ലഭ്യമാക്കി നടപ്പിലാക്കി വരുന്നത്. ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകാ മാലിന്യ സംസ്കരണ പ്ലാന്റുകൾക്കുള്ള സ്ഥലം കണ്ടെത്തുന്നതിനും അവിടെ പ്ലാന്റ് സ്ഥാപിക്കുന്നതിനുമായി സർക്കാരിന്റെ ഭാഗത്തുനിന്നുള്ള സഹായം ലഭ്യമാക്കിയും വരുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 23-9-2014)

കോമൺ ലാന്റ് ഫില്ലുകൾക്കായുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. മാലിന്യസംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് അനുമതി നൽകുമ്പോൾ അവയുടെ അതിർത്തിയിൽ മരങ്ങൾ വച്ചുപിടിപ്പിച്ച് ഗ്രീൻ ബെൽറ്റായി നിലനിർത്തണമെന്ന് നിഷ്കർഷിക്കാറുണ്ട്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

8. <u>ഖണ്ഡിക 127-ലെ ശിപാർശ</u>

കായൽ ടൂറിസത്തിന് വിഖ്യാതമായ ആലപ്പുഴയടക്കം വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളും മാലിന്യ വിപത്തിന്റെ നിഴലിലാണ്. മനുഷ്യവിസർജ്യം അടക്കമുള്ള

മാലിന്യങ്ങൾ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് ഉയർത്തുന്നത്. അടിയന്തര പരിഹാര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ലോകശ്രദ്ധ ആകർഷിച്ച "ദൈവത്തിന്റെ സ്വന്തം നാട്" വിനോദസഞ്ചാര വിപണിയിൽ അനാകർഷക ഉല്പന്നമായി മാറും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിനോദസഞ്ചാര വകുപ്പ്, പരിസ്ഥിതി വകുപ്പ് എന്നിവയുടെ സമയബന്ധിതവും ഏകോപിതവുമായ പ്രവർത്തനം ഈ രംഗത്ത് അനിവാര്യമാണ്. പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, പ്രകൃതി സംരക്ഷണം എന്നിവയിൽ വിനോദസഞ്ചാര വകുപ്പ് മൂലധന നിക്ഷേപത്തിന് ഊന്നൽ നൽകണം.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 23-9-2014)

കായൽ ടൂറിസത്തിന് വിഖ്യാതമായ ആലപ്പുഴയിൽ നിലവിൽ ആയിരത്തിലേറെ ഹൗസ് ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിന് കരയിൽ സംവിധാനം ഒരുക്കിയിട്ടുള്ളവർക്ക് മാത്രമേ മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി നൽകാറുള്ളൂ. കുട്ടനാട് താലൂക്കിൽ നീലംപേരൂർ ഗ്രാമപഞ്ചായത്ത് കുന്നമ്മ വില്ലേജിൽ ആൾ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ 180 KLD ശേഷിയുള്ള ഒരു പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഇതു കൂടാതെ കേരള ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷന്റെ വക മറ്റൊരു പൊതു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതിയുള്ളതായും ബോർഡിന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ജലാശയങ്ങളിൽ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ഓയിൽ കലരുന്നത് മലിനീകരണം ഉണ്ടാകുന്നതിന് കാരണമാകുന്നു. ഓയിൽമൂലമുള്ള മലിനീകരണം തടയുന്നതിന് ഇൻബോർഡ് എഞ്ചിൻ /ഫോർ സ്ട്രോക്ക് എഞ്ചിൻ ഉള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമാണ് ബോർഡ് അനുമതി നൽകുന്നത്. ബോർഡിന്റെ അനുമതി ഉള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമേ ലൈസൻസ് നൽകാവൂയെന്ന് തുറമുഖ ഡയറക്ടർക്ക് മലിനീകരണനിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. റിസോർട്ടുകളിലും ഹോം സ്റ്റേകളിലും നിന്നുള്ള ഖരമാലിന്യങ്ങൾ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. പ്ലാസ്റ്റിക് കുപ്പികളും ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളും മറ്റും ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഹോം സ്റ്റേകളിലും മറ്റും സംവിധാനങ്ങൾ കുറവാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

ഇവയ്ക്ക് ലൈസൻസ് നൽകുമ്പോൾ മാലിന്യനിർമ്മാർജ്ജനത്തിനായി ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ബാദ്ധ്യസ്ഥമാണ്. ബോർഡിന്റെ അനുമതിയോടുകൂടി പ്രവർത്തിക്കുന്ന റിസോർട്ടുകളിലും ഹോട്ടലുകളിലും ആവശ്യമായ സ്വീവേജ് സംസ്കരണ സംവിധാനം, ബയോഗ്യാസ് പ്ലാന്റ്/കമ്പോസ്റ്റിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ളതായി മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) വിനോദസഞ്ചാര (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 22026/സി3/11/ടൂറിസം തീയതി 31-7-2012)

ടൂറിസം വകുപ്പ് മാലിന്യനിർമ്മാർജ്ജനത്തിന് മുന്തിയ പരിഗണന നൽകി വരുന്നുണ്ട്. കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ഒരു മാസം 150-ഓളം ബോട്ടുകൾ ഈ പ്ലാന്റിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഹൗസ് ബോട്ടുകൾ മാസത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും ട്രീറ്റ്മെന്റ് പ്ലാന്റിന്റെ സേവനം പ്രയോജനപ്പെടുത്തേണ്ടത് മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്. ഈ ട്രീറ്റ്മെന്റ് പ്ലാന്റ് കോട്ടയം ഡി.റ്റി.പി.സി.യുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി 64,00,000 രൂപ ചെലവിൽ ട്രീറ്റ്മെന്റ് സംവിധാനം ആലപ്പുഴ ജില്ലയിലെ നീരേറ്റുപുറം വില്ലേജിൽ പതിനാലായിരം കായലിൽ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ ഹൗസ് ബോട്ട് ക്ലാസിഫിക്കേഷൻ നടത്തുമ്പോൾ സയന്റിഫിക് വേസ്റ്റ് മാനേജ്മെന്റ് സംവിധാനങ്ങളും 4 സ്ട്രോക്ക് എഞ്ചിനുകളും നിർബന്ധമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയ്ക്കുവേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാനിൽ കായൽ ടൂറിസത്തിന് മാലിന്യ മുക്തമായ പദ്ധതികൾക്ക് പരിഗണന നൽകിയിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തെ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനായുള്ള പദ്ധതിയും പരിഗണനയിലാണ്. കൂടാതെ 2012-ലെ കേരള വിനോദസഞ്ചാര നയത്തിൽ തന്നെ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ടൂറിസം വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കി ടൂറിസം കേന്ദ്രങ്ങളും പ്രധാന ടൂറിസം ഇടനാഴികളും വൃത്തിയായി സൂക്ഷിക്കും. വിവിധ എൻ.ജി.ഒ.കളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും

സ്വയംസഹായസംഘങ്ങളുടെയും പങ്കാളിത്തത്തോടെ കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ (KWFD) എന്ന പേരിൽ പ്രചാരണ പരിപാടികൾ ആരംഭിക്കും. ടൂറിസം മന്ത്രി അദ്ധ്യക്ഷനായ ഒരു ടാസ്ക് ഫോഴ്സ് ഫോർ ഇഫക്ടീവ് ക്യാമ്പയിൻ രൂപീകരിക്കും. ഇതിൽ ടൂറിസം വകുപ്പിന്റെയും വിവിധ എൻ.ജി.ഒ.കളിലെയും ടൂറിസം വ്യവസായത്തിലെയും പ്രതിനിധികൾ ഉണ്ടായിരിക്കും. ടൂറിസം വകുപ്പ് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡുമായി സഹകരിച്ച് ഹൗസ് ബോട്ടുകളിൽ ഖര-ദ്രവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നു എന്ന് ഉറപ്പുവരുത്താനായി കർശന നടപടികൾ സ്വീകരിക്കും.

<u>സമിതി ആവശ്യപ്പെട്ട അധികവിവരം</u>

28-2-2013-ലെ സമിതിയോഗം സർക്കാർ മറുപടി പരിഗണിക്കുകയും ആലപ്പുഴ പട്ടണത്തിന്റെ തീരദേശങ്ങളിൽ അനുവദനീയമായതിൽ കൂടുതൽ ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും ഇപ്പോൾ ലൈസൻസ് നൽകിയിട്ടുള്ള ഹൗസ് ബോട്ടുകളിൽ ആവശ്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്നുമുള്ള അധികവിവരം ആരായുകയും ചെയ്തു.

<u>സമിതി ആവശ്യപ്പെട്ട അധികവിവരത്തിനുള്ള മറുപടി</u>

(3-8-2015-ലെ 893/സി3/15/ടൂറിസം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്)

വിനോദസഞ്ചാര മേഖലയിലെ സമഗ്ര ശുചീകരണം ലക്ഷ്യമിട്ടുകൊണ്ട് ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് ഡി.റ്റി.പി.സി.കൾ മുഖാന്തിരം 'clean destination Campaign' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ഹൗസ് ബോട്ടുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് വിനോദസഞ്ചാര വകുപ്പ് അല്ല, തുറമുഖ വകുപ്പാണ് ജലയാനങ്ങൾക്കുള്ള പ്രവർത്തന ലൈസൻസ് നൽകുന്നത്. ആയതിനാൽ ലൈസൻസ് ലഭിച്ചിട്ടുള്ള ഹൗസ് ബോട്ടുകളെ സംബന്ധിച്ച വിവരം വിനോദസഞ്ചാര വകുപ്പിൽ ലഭ്യമല്ല. അനുവദനീയമായതിലധികം ഹൗസ് ബോട്ടുകൾക്ക് ലൈസൻസ് കൊടുത്തതിനെ സംബന്ധിച്ചും സുരക്ഷാ മാലിന്യനിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ ഹൗസ്ബോട്ടുകളിൽ ഉറപ്പുവരുത്തുന്നതിനെ സംബന്ധിച്ചും തീരുമാനം കൈക്കൊള്ളേണ്ടത് തുറമുഖ വകുപ്പാണ്. വേമ്പനാട്ടുകായലിനെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹൗസ് ബോട്ടുകളിൽ നിന്ന് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകൾ കോട്ടയത്ത് കുമരകത്തും ആലപ്പുഴയിൽ എച്ച് ബ്ലോക്ക് കായലിലും വിനോദസഞ്ചാര വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

9. ഖണ്ഡിക 128-ലെ ശിപാർശ

സംസ്ഥാനത്തെ നഗരങ്ങൾ ശുചിത്വ സമ്പൂർണ്ണമാക്കി മാറ്റുന്നതിനും വിവിധ ശുചിത്വ ഘടകങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും അഞ്ച് കോർപ്പറേഷനുകൾ നടപ്പാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ മാലിന്യനിർമ്മാർജ്ജന പരിപാലന യാർഡുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലത്തിന്റെ അഭാവം കാരണവും മാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള മലിനജലം സംസ്കരിക്കപ്പെടാതെ കിണറുകളിലും ജലാശയങ്ങളിലും കലരുന്നതിലുള്ള ജനങ്ങളുടെ പ്രതിഷേധം കാരണം തടസ്സപ്പെട്ടുവരുന്നതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതേ പ്രശ്നം തന്നെ മുനിസിപ്പാലിറ്റികളിലും ഗ്രാമപഞ്ചായത്തുകളിലും അനുഭവപ്പെട്ടുവരുന്നുണ്ട്. കേരളത്തിലെ അഞ്ച് കോർപ്പറേഷനുകൾക്കും മറ്റ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് ജനപങ്കാളിത്തത്തോടെ സ്ഥായിയായ സംസ്കരണ സംവിധാനങ്ങളോടുകൂടിയ മാലിന്യനിർമ്മാർജ്ജന പ്ലാന്റും ഡംപിംഗ് യാർഡുകളും സ്ഥാപിക്കുന്നതിനാവശ്യമായ ബൃഹത് പദ്ധതിക്ക് രൂപംകൊടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 61787/ഡി.സി1/14/തസ്വഭവ. തീയതി 4-11-2014)

കൊല്ലം കുരീപ്പുഴയിൽ എ.ഡി.ബി. ധനസഹായത്തോടെ കെ.എസ്.യു.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി പ്രതിദിനം 40 ടൺ സംസ്കരണശേഷിയുള്ള ഒരു ഖരമാലിന്യ സംസ്കരണശാലയും ലാന്റ് ഫില്ലും അതിനോടനുബന്ധിച്ചുള്ള മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുംവേണ്ടി ഒരു പദ്ധതി ആവിഷ്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്കരണശാലയുടെയും ലാന്റ് ഫില്ലിന്റെയും പണികൾ M/s Jumshedpur Utilities and Sevices Company Ltd. (JUSCO) എന്ന സ്ഥാപനത്തിനും അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പണികൾ M/s NK Constructions, Kollam എന്ന സ്ഥാപനത്തിനും കരാർ നൽകി 2008 ജൂലൈ മാസത്തിൽ പണികൾ ആരംഭിക്കുകയും ചെയ്തു. സംസ്കരണശാലയുടെ പണികൾ 90 ശതമാനവും ലാന്റ് ഫില്ലിന്റെ പണികൾ 75 ശതമാനവും അടിസ്ഥാന വികസന പ്രവർത്തനങ്ങൾ 95 ശതമാനവും പൂർത്തീകരിച്ചു.

സംസ്കരണശാലയുടെ പണി പൂർത്തിയായമുറയ്ക്ക് കൊല്ലം നഗരസഭ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചപ്പോൾ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും ശക്തമായ എതിർപ്പുണ്ടായതിനെത്തുടർന്ന് പ്ലാന്റ് അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി എം.പി.മാർ, ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ, എം.എൽ.എ.മാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെയും കോർപ്പറേഷനിലെയും കെ.എസ്.യു.ഡി.പി.യിലെയും ഉദ്യോഗസ്ഥരും തദ്ദേശവാസികളും കൂട്ടായിച്ചേർന്ന് പലതവണ ചർച്ച നടത്തിയെങ്കിലും കാര്യമായ ഫലമുണ്ടായില്ല. ഇതിനായി നഗരസഭയുടെയും ജില്ലാ ഭരണകൂടത്തിന്റെയും പോലീസ്, മന്ത്രിമാർ, എം.എൽ.എ.മാർ, തുടങ്ങിയ എല്ലാ ജനപ്രതിനിധികളുടെയും സംയുക്ത സഹകരണത്തോടു കൂടി മാത്രമേ ലക്ഷ്യമിട്ട ഈ പദ്ധതി പൂർണ്ണമായി പൂർത്തീകരിച്ച് ജനങ്ങൾക്ക് പ്രയോജന പ്രദമാക്കുവാൻ കഴിയുകയുള്ളൂ. ഇതിനായി സർക്കാർതലത്തിൽ സത്വരമായ നടപടികൾ സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ലാലൂരിൽ എ.ഡി.ബി. ധനസഹായത്തോടെ കെ.എസ്.യു.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി, പ്രതിദിനം 30 ടൺ സംസ്കരണശേഷിയുള്ള ഖരമാലിന്യ സംസ്കരണശാലയും ലാന്റ് ഫില്ലും കണ്ടെയ്നർ ഫ്ളാറ്റ് ഫോമും പണിയുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് 2008 മാർച്ചിൽ ഹൈദ്രാബാദിലുള്ള M/s Ramky Enviro Engineer's Ltd. എന്ന സ്ഥാപനത്തിന് കരാർ നൽകി പണികൾ ആരംഭിച്ചു. ഏകദേശം 40 ശതമാനം പണി പൂർത്തീകരിച്ചപ്പോൾ പൊതുജനങ്ങളുടെ ശക്തമായ എതിർപ്പ് ഉണ്ടാകുകയും തന്മൂലം പ്ലാന്റിന്റെ പണി പൂർത്തീകരിക്കാനോ പ്രവർത്തനക്ഷമമാക്കാനോ കഴിയാതെവരുകയും ചെയ്തു.

കോഴിക്കോട് നഗരസഭയിൽ ഞെളിയംപറമ്പിൽ പ്രവർത്തിച്ചുവരുന്ന ഖരമാലിന്യ സംസ്കരണശാലയിൽ എ.ഡി.ബി. ധനസഹായത്തോടെ കെ.എസ്.യു.ഡി.പി. പദ്ധതിയിലുൾപ്പെടുത്തി ലാന്റ് ഫില്ലിന്റെയും ഡ്രെയിനേജിന്റെയും ചുറ്റുമതിലിന്റെയും റോഡിന്റെയും വേബ്രിഡ്ജിന്റെയും പണികൾ 2008 ജൂൺ മാസം ഹൈദ്രാബാദിലുള്ള M/s Ramky Enviro Engineer's Ltd. എന്ന സ്ഥാപനത്തിന് turnkey അടിസ്ഥാനത്തിൽ കരാർ നൽകി. കരാർ നിബന്ധനകൾ പ്രകാരം സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായ പ്രവർത്തനാനുമതി നേടുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടതിനാൽ, ലീച്ചേറ്റ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ബോർഡിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിപ്പിക്കുന്നതിൽ കമ്പനി പരാജയപ്പെട്ടു. ഈ സാഹചര്യത്തിൽ സർക്കാർ ഇടപെട്ട് മറ്റു കമ്പനികളെക്കൊണ്ട് ടി കമ്പനിയുടെ ചെലവിൽ പണി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിജയകരമായി പ്രവർത്തിപ്പിക്കാനോ സാധിച്ചിട്ടില്ല. ആയതിനാൽ ബാക്കി പണികൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിൽ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽ ഉൾപ്പെടുത്തി വിളപ്പിൽശാലയിൽ 90 ശതമാനം പൂർത്തിയാക്കിയ പ്ലാന്റും ജനങ്ങളുടെ എതിർപ്പിനെ തുടർന്ന് പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് സാധിച്ചില്ല. കേന്ദ്രസർക്കാരിന്റെ യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൽ ഉൾപ്പെടുത്തി 11 മുനിസിപ്പാലിറ്റികളിൽ കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടികൾ ഏറ്റെടുത്തെങ്കിലും 9 എണ്ണവും പൂർത്തീകരിക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ സാധിച്ചിട്ടില്ല. ജനങ്ങളുടെ ശക്തമായ എതിർപ്പാണ് പദ്ധതി പൂർത്തീകരണത്തിന് പ്രധാന തടസ്സം. ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികളിൽ ജനങ്ങളുടെ എതിർപ്പ് മാറ്റുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശുചിത്വ മിഷനും നടപ്പിലാക്കിവരുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

10. <u>ഖണ്ഡിക 129-ലെ ശിപാർശ</u>

കേരളത്തിലെ മുനിസിപ്പൽ പ്രദേശങ്ങളിലും നഗരങ്ങളിലും ഇന്ന് നിലവിലുള്ള ഓടകളും കനാലുകളും മാലിന്യനിർമ്മാർജ്ജനത്തിനുള്ള ഉപാധികൾ എന്നതിനുപകരം മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സംവിധാനമാണ് എന്ന് തോന്നിപ്പിക്കുന്ന വിധത്തിലാണ് കാണപ്പെടുന്നത്. വീടുകൾ, ഹോട്ടലുകൾ, അറവുശാലകൾ, മാർക്കറ്റുകൾ എന്നിവകളിൽ നിന്നുള്ള ഖരമാലിന്യങ്ങളും ദ്രവമാലിന്യങ്ങളും മനുഷ്യവിസർജ്ജ്യവും കുടിക്കാനും കുളിക്കാനുമുള്ള നദികളിലേക്കും ഒഴുക്കിവിടുന്നത് മിക്ക നദീതീരങ്ങളിലും കാണാവുന്നതാണ്. സംസ്ഥാനത്തെ നദികളിലെയും ജലാശയങ്ങളിലെയും മലിനീകരണത്തിന്റെ വലിയ കാരണം ഗാർഹിക മനുഷ്യ-മൃഗജന്യ മാലിന്യങ്ങളാണ്. നഗരപ്രദേശങ്ങളിലും പട്ടണങ്ങളിലും സമഗ്രമായ അഴുക്കുചാൽ സംവിധാനം നിലവിലില്ലാത്തത് കാരണം ഹോട്ടലുകൾ, ഫ്ളാറ്റുകൾ, വീടുകൾ, ആശുപത്രികൾ, വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് പുറന്തള്ളപ്പെടുന്ന മലിനജലവും മറ്റും റോഡരികിലെ ഓടകളിലേക്ക് ഒഴുകി ജലാശയങ്ങളിൽ എത്തിച്ചേരുന്നത് കാരണം അതിരൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ നിലനിൽക്കുന്നു. മാർക്കറ്റുകളിലെ അറവുശാലകളിൽ നിന്നുള്ള മൃഗങ്ങളുടെ ചോരയും അവശിഷ്ടങ്ങളും പുഴയിലേക്ക് ഒഴുക്കുന്നതായും നഗരപ്രദേശങ്ങളിലെ കനാലുകൾക്കും തോടുകൾക്കും മീതെ അറവുശാലകൾ സ്ഥാപിച്ച് നേരിട്ട് ജലാശയത്തിലേക്ക് ഒഴുക്കുന്ന അവസ്ഥയും സമിതിക്ക്

നേരിട്ട് കാണാൻ കഴിഞ്ഞു. കനാലുകളിലേക്കും ഓടകളിലേക്കും ജലാശയങ്ങളിലേക്കും സെപ്റ്റിക് ടാങ്ക് ഔട്ട്‌ലെറ്റ് തുറന്നുവച്ച് സ്വീവേജ് മാലിന്യങ്ങൾ കലർത്തിവിടുന്ന സംഭവങ്ങളും സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ, നിയമങ്ങൾക്ക് പുറമേ ജനങ്ങളുടെ സഹകരണവും ബോധവൽക്കരണ പരിപാടികളും കൈക്കൊള്ളേണ്ടതാണ്. ഇത്തരം ജലസ്രോതസ്സുകളെ മലിനീകരണ ഭീഷണികളിൽ നിന്നും ഒഴിവാക്കുന്നതിനും നിലവിലുള്ളവ വൃത്തിയാക്കി തുറന്നുവച്ചിട്ടുള്ള ഔട്ട്‌ലെറ്റുകൾ കർശനമായി അടപ്പിച്ച് മാലിന്യങ്ങളുടെ ഒഴുക്ക് തടയുന്നതിനും പോലീസ്, ജലവിഭവം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, റവന്യൂ, വ്യവസായം എന്നീ വകുപ്പുകളുടെ പൂർണ്ണപങ്കാളിത്തത്തോടെ നിലവിലുള്ള ജലസ്രോതസ്സുകളെ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള ദീർഘകാല പദ്ധതിക്ക് രൂപംനൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

ഹോട്ടലുകൾ, അറവുശാലകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ നദിയിലേക്ക് ഒഴുക്കുന്നത് തടയാനായി ഇവയെ മലിനീകരണനിയന്ത്രണ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും ബോർഡിന്റെ അനുമതിയോടുകൂടി മാത്രം പ്രവർത്തിക്കാവൂ എന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പുതിയതായി തുടങ്ങുന്ന ഹോട്ടലുകൾ, മാർക്കറ്റുകൾ, അറവുശാലകൾ എന്നിവ ബോർഡിന്റെ അനുമതി കരസ്ഥമാക്കിയാണ് പ്രവർത്തിക്കുന്നത്. ഇങ്ങനെ ബോർഡ് നൽകുന്ന പ്രവർത്തനാനുമതിയിൽ സ്ഥാപനത്തിൽ നിന്നുണ്ടാകുന്ന ദ്രവമാലിന്യങ്ങൾ വേണ്ടതായ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ ശുദ്ധീകരിക്കണമെന്നും ഇങ്ങനെ സംസ്കരിച്ച ജലം ബോർഡ് നൽകുന്ന ഗുണനിലവാരപരിധി നിലനിർത്തി മാത്രമേ നദികളിലേക്കോ ഓടകളിലേക്കോ ഒഴുക്കാവൂ എന്ന് നിഷ്കർഷിക്കുന്നു. ബോർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരപരിധി പാലിച്ച് സംസ്കരിച്ച ജലം നദിയിലേക്ക് ഒഴുക്കുന്നതിൽ തെറ്റില്ല. ഇത് ഉറപ്പുവരുത്തുന്നതിനായി ഇടയ്ക്കിടയ്ക്ക് ടി സ്ഥാപനങ്ങൾ ബോർഡ് ഉദ്യോഗസ്ഥർ സന്ദർശിച്ച് സംസ്കരിച്ച ജലസാമ്പിൾ പരിശോധിച്ച് ഗുണനിലവാരം വിലയിരുത്തുന്നു. നിലവിലുള്ള ചെറുകിട ഹോട്ടലുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള മലിനജലം ഓടകൾവഴി നദികളിലെത്തി, നദി മലിനപ്പെടാൻ ഇടയാകാതിരിക്കാൻ വേണ്ടതായ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കൂടാതെ

നഗരങ്ങളിലും പട്ടണങ്ങളിലും നിന്നുള്ള സ്വീവേജ് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് മതിയായ സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ പലപ്പോഴും സ്വീവേജ് ഓടവഴിയോ മറ്റും ഒഴുകി നദികളിലെത്തുന്നു. ഇത് പലപ്പോഴും നദി മലിനപ്പെടാൻ ഇടയാകുന്നു. ഇത് ഒഴിവാക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തക്കതായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അന്താരാഷ്ട്ര ജലസഹകരണ വർഷാചരണ ത്തോടനുബന്ധിച്ച് ജലസുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല സമിതി രൂപീകരണവും ആയത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

നഗരപ്രദേശങ്ങളിലും പട്ടണങ്ങളിലും സമഗ്രമായ അഴുക്കുചാൽ സംവിധാനം നിലവിലില്ലാത്തതു കാരണം ഹോട്ടലുകൾ, വീടുകൾ, ഫ്ളാറ്റുകൾ, ആശുപത്രികൾ, വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും പുറംതള്ളപ്പെടുന്ന മലിനജലം റോഡരികിലെ ഓടകളിലേക്കൊഴുകി ജലാശയങ്ങളിലും മറ്റും എത്തിച്ചേരുന്നതുമൂലം പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാകുന്നു. ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് കെ.എസ്.യു.ഡി.പി. പദ്ധതി പ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് പൂജപ്പുര, തിരുമല റോഡിലും അട്ടക്കുളങ്ങര-തിരുവല്ലം റോഡിലും കൊല്ലത്ത് കപ്പലണ്ടിമുക്ക്-മുനീശ്വരംകോവിൽ റോഡിലും ഭൂമിക്കടിയിലൂടെ പൈപ്പുകൾ സ്ഥാപിച്ച് മഴവെള്ളം മാത്രം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം നടപ്പിലാക്കി. ഈ പൈപ്പുകളിൽ ഇടയ്ക്കിടെ മാൻഹോളുകൾ സ്ഥാപിച്ച് ബ്ലോക്കുണ്ടെങ്കിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്നു പദ്ധതികളും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു സവിശേഷത പുറമേനിന്നുള്ള മലിനജലവും മറ്റവശിഷ്ടങ്ങളും ഓടയിലേക്ക് തള്ളുന്നതിനുള്ള പ്രവണത ഇല്ലാതാകും എന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായും സാമ്പത്തിക മായും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയ ദീർഘകാലാടിസ്ഥാനത്തിലും ജലാശയങ്ങൾ മലിനപ്പെട്ടത് മാലിന്യം നീക്കി ശുചീകരിക്കുന്നതിന് മഴക്കാലപൂർവ്വ

ശുചീകരണത്തിന്റെ ഭാഗമായി ഹ്രസ്വകാല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ബഹു. സമിതി ശിപാർശ ചെയ്തതുപോലെ വിവിധ വകുപ്പുകളെ അനുയോജിപ്പിച്ച് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നത് വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിന് സഹായകരമായിരിക്കും. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തു നിന്നും ടൂറിസം വകുപ്പ്, ജലവിഭവ വകുപ്പ്, പരിസ്ഥിതി വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുമായി സഹകരിച്ച് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (സി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 27487/ഐ.ആർ3/2011/ജലവിഭവ തീയതി 14-2-2013)

ഹോട്ടലുകൾ, അറവുശാലകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങൾ നദിയിലേക്ക് ഒഴുക്കുന്നതു തടയാനായി ഇവയെ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തുകയും മലിനീകരണനിയന്ത്രണ ബോർഡിന്റെ അനുമതിയോടുകൂടി മാത്രം പ്രവർത്തിക്കാവൂ എന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പുതിയതായി തുടങ്ങുന്ന ഹോട്ടലുകൾ, മാർക്കറ്റുകൾ, അറവുശാലകൾ എന്നിവ ബോർഡിന്റെ അനുമതി കരസ്ഥമാക്കിയാണ് പ്രവർത്തിക്കുന്നത്. ഇങ്ങനെ ബോർഡ് നൽകുന്ന പ്രവർത്തനാനുമതിയിൽ സ്ഥാപനത്തിൽ നിന്നുണ്ടാകുന്ന ദ്രവമാലിന്യങ്ങൾ വേണ്ടതായ മാലിന്യസംസ്കരണ സംവിധാനങ്ങളിൽ ശുദ്ധീകരിക്കണമെന്നും ഇങ്ങനെ സംസ്കരിച്ച ജലം ബോർഡ് നൽകുന്ന ഗുണനിലവാര പരിധി നിലനിർത്തി മാത്രമേ നദികളിലേക്കോ ഓടകളിലേക്കോ ഒഴുക്കാവൂ എന്നും നിഷ്കർഷിക്കുന്നു. ബോർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരപരിധി പാലിച്ച് സംസ്കരിച്ച ജലം നദിയിലേക്ക് ഒഴുക്കുന്നതിൽ തെറ്റില്ല. ഇത് ഉറപ്പുവരുത്തുന്നതിനായി ഇടയ്ക്കിടയ്ക്ക് ടി സ്ഥാപനങ്ങൾ ബോർഡുദ്യോഗസ്ഥർ സന്ദർശിച്ച് സംസ്കരിച്ച ജലസാമ്പിൾ പരിശോധിച്ച് ഗുണനിലവാരം വിലയിരുത്തുന്നു.

നിലവിലുള്ള ചെറുകിട ഹോട്ടലുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള മലിനജലം ഓടകൾവഴി നദികളിലെത്തി, നദി മലിനപ്പെടാൻ ഇടയാകാതിരിക്കാൻ വേണ്ടതായ നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കൂടാതെ നഗരങ്ങളിലും പട്ടണങ്ങളിലും നിന്നുള്ള സ്വീവേജ് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് മതിയായ സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ പലപ്പോഴും സ്വീവേജ് ഓടവഴിയോ മറ്റും ഒഴുകി നദികളിലെത്തുന്നു. ഇത് പലപ്പോഴും നദി മലിനപ്പെടാൻ ഇടയാകുന്നു. ഇത് ഒഴിവാക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തക്കതായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2003-ലെ ജലസേചന ജലസംരക്ഷണ ആക്ടിൽ ഭേദഗതി വരുത്തി 2011-ൽ ജലസേചന ജലസംരക്ഷണ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഓർഡിനൻസിന് നിയമപ്രാബല്യം കൈവരുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ഇതിൽ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനുമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന നദീതട തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത അതോറിറ്റിയുടെ കീഴിൽ റിവർബേസിൻ ബോർഡുകളും വെറ്റ്ലാന്റ് ബോർഡുകളും രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത അതോറിറ്റിയുടെയും ബോർഡുകളുടെയും രൂപീകരണം നടപ്പിലാകുന്നതോടെ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്താനാകും.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ഡി) വ്യവസായ (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 25335/ജി2/2013/വ്യവ. തീയതി 26-8-2014)

കേരളത്തിലെ എല്ലാ ജില്ലകളിലെയും ജില്ലാ വ്യവസായ ഓഫീസ്, താലൂക്ക് ബ്ലോക്കുതല ഉദ്യോഗസ്ഥൻമാർ മുഖേന വ്യവസായ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രത്തിലും താലൂക്ക് വ്യവസായ ഓഫീസുകളിലും വിഷയത്തിന്റെ പ്രാധാന്യം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കി സംരംഭകരുടെ ശ്രദ്ധയ്ക്കായി നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും ജില്ലാതല അവലോകന യോഗത്തിൽ വിഷയം വിശദീകരിച്ച് സംരംഭകരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെറുകിട വ്യവസായ അസോസിയേഷൻ, ചേംബർ ഓഫ് കോമേഴ്സ്, വ്യവസായ വികസന പ്ലോട്ടിലെ അസോസിയേഷൻ, മിനിവ്യവസായ എസ്റ്റേറ്റിലെ അസോസിയേഷൻ എന്നിവ മുഖേന വിഷയം പ്രതിപാദിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംരംഭങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ മലിനീകരണം സംബന്ധിച്ച് പരിശോധന നടത്തി സംരംഭകന് വേണ്ട നിർദ്ദേശം നൽകുന്നതിന് ഫീൽഡുതല ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ പ്ലൈവുഡ് അനുബന്ധ വ്യവസായംമൂലം അധികരിച്ച മലിനീകരണ-ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസ്, ബന്ധപ്പെട്ട പഞ്ചായത്ത് എന്നിവരുടെ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കിയതിനുശേഷം മാത്രം അത്തരം പുതിയ വ്യവസായങ്ങൾക്ക് അനുമതി നൽകിയാൽ മതിയെന്ന് ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഗ്രേറ്റർ കൊച്ചിൻ ഏരിയായിലെ മലിനീകരണ സൂചിക 75 ശതമാനത്തിന് മുകളിലായതായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനത്തിൽ തെളിഞ്ഞതായും ആകയാൽ ഈ പ്രദേശത്ത് വ്യവസായങ്ങൾക്ക് കേന്ദ്ര മലിനീകരണനിയന്ത്രണ ബോർഡ് മൊറട്ടോറിയം പ്രഖ്യാപിക്കുകയുണ്ടായതായും കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി എലൂർ-എടയാർ ബെൽറ്റിൽ ഒരു കോമൺ എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും പരിസരവാസികളുടെയും പരിസ്ഥിതി സംഘടനകളുടെയും എതിർപ്പിനെ തുടർന്ന് സ്ഥലം അളന്നുതിരിക്കുന്നതും ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചുചേർത്ത് ഈ വിഷയത്തിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മലിനീകരണനിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതിനെക്കുറിച്ച് ഒരു പത്രവാർത്ത പ്രമുഖ ദിനപ്പത്രങ്ങളിൽ നൽകിയിട്ടുണ്ടെന്നും വ്യവസായ വാണിജ്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ഇ) ആഭ്യന്തര (പി.എസ്. & എം.എസ്.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 39762/പി.എസ്1/11/ആഭ്യന്തരം തീയതി 1-8-2015)

കേരളത്തിലെ ജലസ്രോതസ്സുകളെ മലിനീകരണ ഭീഷണികളിൽ നിന്നും ഒഴിവാക്കുന്നതിനും നിലവിലുള്ളവ വൃത്തിയാക്കി തുറന്നുവച്ചിട്ടുള്ള ഔട്ട്ലെറ്റുകൾ കർശനമായി അടപ്പിച്ച് മാലിന്യങ്ങളുടെ ഒഴുക്ക് തടയുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ സ്വീകരിക്കുന്ന നടപടികളോട് ആഭ്യന്തര വകുപ്പിന് കീഴിലുള്ള പോലീസ് സേന പൂർണ്ണമായും സഹകരിക്കുന്നതും ഇത് സംബന്ധിച്ച് രൂപീകരിക്കുന്ന പദ്ധതികളിൽ പൂർണ്ണമായും സഹകരിക്കുന്നതുമാണ്.

(5-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

11. ഖണ്ഡിക 130-ലെ ശിപാർശ

ആശുപത്രികളിലും മറ്റ് ആരോഗ്യപരിപാലന കേന്ദ്രങ്ങളിലും ഉണ്ടാകുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനും വേണ്ടിയുള്ള നിബന്ധനകൾ കേന്ദ്ര ഗവൺമെന്റ് ബയോമെഡിക്കൽ വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാൻഡിലിംഗ്) റൂൾസ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾപ്രകാരം ബയോമെഡിക്കൽ മാലിന്യങ്ങൾ 10 കാറ്റഗറികളിലായി തരംതിരിച്ച് സംസ്കരണ രീതികൾ നിഷ്കർഷിച്ചിട്ടുണ്ട്. ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുവാൻ ആശുപത്രികൾ സ്വന്തം സംവിധാനം ഏർപ്പെടുത്തുകയോ പൊതുസംവിധാനം ഉപയോഗപ്പെടുത്തുകയോ ചെയ്യണമെന്ന നിബന്ധനയുണ്ട്. സംസ്ഥാനത്ത് പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തിയിൽ ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ (IMA) കേരള ഘടകത്തിന്റെ മേൽനോട്ടത്തിൽ ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനത്തിന് സംസ്ഥാനത്ത് ഒരു പൊതുസംവിധാനം (IMAGE) പ്രവർത്തിച്ചുവരുന്നതായും ഏകദേശം 2000-ത്തോളം ആരോഗ്യപരിപാലന കേന്ദ്രങ്ങൾ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നതായും സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയതിനാൽ, സംസ്ഥാനത്തെ എല്ലാ ആരോഗ്യപരിപാലന കേന്ദ്രങ്ങളിലെയും ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പൊതുസംവിധാനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

സംസ്ഥാനത്തെ സർക്കാർ, സ്വകാര്യ ആശുപത്രികൾ എല്ലാംതന്നെ ബയോമെഡിക്കൽ റൂൾസിന് വിധേയമായി ആശുപത്രിമാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ വേണ്ടതായ നിർദ്ദേശങ്ങൾ മലിനീകരണനിയന്ത്രണ ബോർഡ് നൽകിവരുന്നു. മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലില്ലാത്ത ആശുപത്രികളെക്കൊണ്ട് സ്വന്തമായ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കുകയോ പൊതുസംവിധാനത്തിൽ ചേരാൻ നിർദ്ദേശിക്കുകയോ ബോർഡ് ചെയ്യുന്നു. ബോർഡിൽ ലഭ്യമായ വിവരം അനുസരിച്ച് 2750 ആശുപത്രികൾ 'ഇമേജി'-ന്റെ പൊതുസംസ്കരണ സംവിധാനംവഴി ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജനം ചെയ്യുന്നു.

കൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സംസ്ഥാനത്ത് കൂടുതൽ പൊതു ബയോമെഡിക്കൽ മാലിന്യനിർമ്മാർജ്ജന സംവിധാനം നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. എല്ലാ ഹെൽത്ത് കെയർ സ്ഥാപനങ്ങൾക്കും ബയോമെഡിക്കൽ വേസ്റ്റ് റൂൾസ് പ്രകാരമുള്ള ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജന സംവിധാനം ഉറപ്പാക്കിക്കൊണ്ട് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ആതറൈസേഷൻ നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനാരോഗ്യത്തിന് ഭീഷണിയുണ്ടാകുന്ന ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കുവാനും പ്രവർത്തനാനുമതി നൽകിയിട്ടുള്ള ആശുപത്രികളിലും മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനും മലിനീകരണനിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 1762/ജി1/11/ആ.കു.വ. തീയതി 20-8-2014)

സംസ്ഥാനത്തെ മേജർ ആശുപത്രികളിൽ IMAGE മുഖാന്തിരം ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്തുവരുന്നുണ്ട്. ബയോമെഡിക്കൽ മാലിന്യങ്ങൾ താരതമ്യേന കുറവുള്ള ചെറിയ ആശുപത്രികളിൽ ഡീപ്പ് ബെറിയൽ (ആഴത്തിലുള്ള കുഴികൾ) രീതിയിൽ മലിനീകരണം ഉണ്ടാകാത്ത രീതിയിൽ സംസ്കരിച്ചുവരുന്നു. ദ്രവരൂപത്തിലുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ സോക്ക്പിറ്റുകൾവഴി പരിസര മലിനീകരണം ഉണ്ടാകാതെ നിർമ്മാർജ്ജനം ചെയ്തുവരുന്നുണ്ട്. ബയോമെഡിക്കൽ വേസ്റ്റ് തീരെ കുറവുള്ള ചെറിയ ആശുപത്രികളിൽ IMAGE മുഖേന മാലിന്യങ്ങൾ സംസ്കരിക്കുന്നത് പ്രായോഗികമല്ല. അതിനാലാണ് മേൽപ്രസ്താവിച്ച തരത്തിൽ മാലിന്യ സംസ്കരണം നടത്തുന്നത്. മേൽവിവരിച്ച മാലിന്യ സംസ്കരണ സംവിധാനത്തിൽ കാര്യങ്ങൾ പരാതിയില്ലാതെ നടന്നുവരുന്ന സാഹചര്യത്തിൽ കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം ഒരു പൊതുസംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

12. ഖണ്ഡിക 131-ലെ ശിപാർശ

മലിനജല മാലിന്യസംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും വിവിധ സന്നദ്ധ സംഘടനകളുടെയും സ്വകാര്യ മേഖലയുടെയും വിവിധ വകുപ്പുകളുടെയും ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് സമിതി കരുതുന്നു. ആകയാൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾ, ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്നിവകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തണമെന്നും സംസ്ഥാനത്തെ ഖര-ദ്രവ മാലിന്യ ശേഖരണ സംസ്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മത്സരാധിഷ്ഠിതമായിട്ടുള്ള അവസ്ഥ സംജാതമാകത്തക്ക രീതിയിൽ സന്നദ്ധസംഘടനകളുടെയും സ്വകാര്യ മേഖലയുടെയും സഹായത്തോടെ ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

നിലവിൽ വ്യവസായശാലകൾ, ഹോട്ടലുകൾ, കെട്ടിടസമുച്ചയങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് നൽകുന്ന പ്രവർത്തനാനുമതിയിൽ മതിയായ മലിനജല സംസ്കരണ-പുനരുപയോഗ സംവിധാനങ്ങൾ ഏർപ്പെടുത്തി സംസ്കരിച്ച ജലം ടി സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലത്തുതന്നെ നിർമ്മാർജ്ജനം ചെയ്യാൻ നിർദ്ദേശിക്കുന്നതുമൂലം ടി സ്ഥാപനങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ എല്ലാ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കിക്കുവാൻ തക്കതായ സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് വേണ്ടതായ അവബോധം നൽകുന്നതിനായി വിവിധ സംഘടനകൾ നടത്തുന്ന സെമിനാറുകൾക്ക് മലിനീകരണനിയന്ത്രണ ബോർഡിന്റേതായ ധനസഹായം നൽകി ടി സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനത്തിന് ബോർഡ് നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്. പരിസ്ഥിതി സംരക്ഷണവും അതിനുള്ള നിയമപരിപാലനവും ഉറപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ റവന്യൂ/ആരോഗ്യം/പഞ്ചായത്ത്/മുനിസിപ്പൽ ഭരണം വകുപ്പ് അധികാരികളെ നിയോഗിച്ചിട്ടുണ്ട്. പ്രാദേശികതലത്തിലുള്ള പരിസ്ഥിതിശോഷണം ഒഴിവാക്കുന്നതിനായി ജൈവവൈവിധ്യ പരിപാലന സമിതികളെയും നിയോഗിച്ചിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡി.സി1/2014/തസ്വഭവ. തീയതി 4-11-2014)

ശിപാർശ നടപ്പിലാക്കുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു. സ്വകാര്യ മേഖലയിലുള്ള ഏജൻസികളുടെ സാങ്കേതിക കഴിവുകൾ വിലയിരുത്തുന്നതിനും അവ ഒരു സാങ്കേതിക സമിതി പരിശോധിച്ചതിനുശേഷം സർക്കാർ അംഗീകൃത സേവനദാതാക്കളായി വിജ്ഞാപനം ചെയ്യുവാനും മത്സരാധിഷ്ഠിതമായി ഇവരെക്കൊണ്ട് മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കിക്കാനും സർക്കാരിൽനിന്ന് ഉത്തരവുകളും നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കുടുംബശ്രീ, സന്നദ്ധസംഘടനകൾ എന്നിവരെ ഉപയോഗപ്പെടുത്തി മാലിന്യശേഖരണം, പ്ലാന്റുകളുടെ പ്രവൃത്തി പരിപാലനം തുടങ്ങിയ ജോലികളും നടത്തിവരുന്നു. ഈ മേഖലയിൽ ഇനിയും കൂടുതൽ ഏജൻസികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി എടുക്കുന്നതിന്റെ സാദ്ധ്യതയും പരിശോധിച്ചുവരുന്നു.

ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് വേണ്ടതായ അവബോധം നൽകുന്നതിനായി വിവിധ സംഘടനകൾ നടത്തുന്ന സെമിനാറുകൾക്ക് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റേതായ ധനസഹായം നൽകി പ്രോത്സാഹനം നല്കിവരുന്നു. ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനത്തിന് ബോർഡ് നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (സി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 27487/ഐ.ആർ3/2011/ജലവിഭവ. തീയതി 14-2-2013)

നിലവിൽ വ്യവസായശാലകൾ, ഹോട്ടലുകൾ, കെട്ടിടസമുച്ചയങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് നൽകുന്ന പ്രവർത്തനാനുമതിയിൽ മതിയായ മലിനജല സംസ്കരണ-പുനരുപയോഗ സംവിധാനങ്ങൾ ഏർപ്പെടുത്തി സംസ്കരിച്ച ജലം സ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള സ്ഥലത്തുതന്നെ നിർമ്മാർജ്ജനം ചെയ്യാൻ നിർദ്ദേശിക്കുന്നതുമൂലം ടി സ്ഥാപനങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ എല്ലാ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിന് മലിനീകരണനിയന്ത്രണ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കുവാൻ തക്കതായ സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നുണ്ട്. ഇങ്ങനെ ഖര-ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിന് ബോർഡിന്റേതായ പങ്ക് വഹിക്കുന്നു. കൂടാതെ ഖര-ദ്രവ മാലിന്യ

നിർമ്മാർജ്ജനത്തിന് വേണ്ടതായ അവബോധം നൽകുന്നതിനായി വിവിധ സംഘടനകൾ നടത്തുന്ന സെമിനാറുകൾക്ക് ബോർഡിന്റേതായ ധനസഹായം നൽകി ടി സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനത്തിന് ബോർഡ് നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

13. ഖണ്ഡിക 132-ലെ ശിപാർശ

അറവുശാലകളിൽ നിന്നുണ്ടാകുന്ന മലിനീകരണം തടയാൻ എല്ലാ അറവുശാലകളിലും ആവശ്യമായ ഖരമാലിന്യ സംസ്കരണ സംവിധാനവും പാഴ്ജല ശുദ്ധീകരണ സംവിധാനവും ഏർപ്പെടുത്താനും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിയോടെ മാത്രമേ പ്രവർത്തിക്കാവൂ എന്ന നിബന്ധനയുള്ളപ്പോൾ തൃപ്തികരമല്ലാത്ത നിയന്ത്രണ സംവിധാനങ്ങളോടെ അറവുശാലകൾ പ്രവർത്തിക്കുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അനധികൃത കശാപ്പ് നിർത്തലാക്കുന്നതിനും അത്തരം മാംസം വിൽക്കുന്നത് തടയുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കർശന നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ കശാപ്പ് ശാലകൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ ഇല്ലാതെയോ, ഉള്ളത് പൂർണ്ണതോതിൽ ഫലപ്രദമായി പ്രവർത്തിക്കാത്തതോ ആയ മാലിന്യ സംസ്കരണ ശാലകൾ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ, മറ്റ് ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ പ്രകാരമോ, ഫലപ്രദമായ മലിനീകരണനിയന്ത്രണ ഉപാധികൾ സമയബന്ധിതമായി സ്ഥാപിച്ച് അവയുടെ മേൽനോട്ടത്തിലുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ—പ്രത്യേകിച്ച് അറവുശാലകൾ—യാതൊരുവിധ മലിനീകരണവും പൊതുജനാരോഗ്യ ഭീഷണിയും ഉണ്ടാക്കുന്നില്ല എന്നും പൂർണ്ണമായി ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു എന്നും ഉറപ്പാക്കുന്നതിന് മലിനീകരണനിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനുയോജ്യമായ രണ്ട് മാതൃകാ അറവുശാല സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ കരട് രൂപരേഖ ശുചിത്വ മിഷൻ തയ്യാറാക്കിയിട്ടുണ്ട്. ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കി അവരുടെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകാനും ശുചിത്വ മിഷൻവഴി നടപടി കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്തുകൾക്ക് അനുയോജ്യമായ വൃത്തിയുള്ളതും നിയമം അനുശാസിക്കുന്ന എല്ലാ ഘടകങ്ങളുമുള്ളതും മാലിന്യത്തിൽ നിന്നും ഉപഉൽപ്പന്നങ്ങൾ ഉണ്ടാക്കാനും ശേഷിക്കുന്ന മാലിന്യം അവിടെത്തന്നെ സംസ്കരിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള മാതൃകാ അറവുശാല പദ്ധതിയുടെ ഗ്രാമപഞ്ചായത്തുകൾക്ക് അനുയോജ്യമായ മോഡലിന് ഏതാണ്ട് 55 ലക്ഷം രൂപയും ചെറിയ മുനിസിപ്പാലിറ്റികൾക്ക് അനുയോജ്യമായ മോഡലിന് ഏകദേശം 120 ലക്ഷം രൂപയും മതിപ്പ് ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. നവീന അറവുശാല സ്ഥാപിക്കാനായി 15 ഗ്രാമപഞ്ചായത്തുകളെക്കൊണ്ടും 24 നഗരസഭകളെക്കൊണ്ടും പദ്ധതി തയ്യാറാക്കി അവയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കാനും ശുചിത്വ മിഷൻവഴി നടപടി എടുത്തിട്ടുണ്ട്. ഇവയ്ക്ക് 50% സാമ്പത്തിക സഹായം പഞ്ചായത്ത് ഡയറക്ടർ വഴിയും നഗരകാര്യ ഡയറക്ടർ വഴിയും ലഭ്യമാക്കി വരുന്നു. പദ്ധതിനിർവ്വഹണത്തിന് കൂടുതൽ സാമ്പത്തിക സഹായം സർക്കാരിന്റെ ഭാഗത്തുനിന്ന് ലഭ്യമാക്കാനുള്ള നടപടിയും കൈക്കൊണ്ടുവരുന്നു. അറവുശാലകൾ ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഇറച്ചിക്കടകൾ ലേലം ചെയ്യുന്നത് ഒഴിവാക്കാനും വൃത്തിയും വെടിപ്പുമുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള അറവുശാലകൾ ഉണ്ടാക്കാനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. സാങ്കേതികാനുമതി നൽകിയ അറവുശാല നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. ഇവ നിർമ്മാണം പൂർത്തിയാക്കി മാതൃകയാക്കി മാറ്റാനും ശേഷിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് ഉപയോഗപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും വൃത്തിയും വെടിപ്പുമുള്ള രീതിയിൽ മാംസവിൽപ്പന നടത്തുന്നതിനും ശുചിയായ മാംസം ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അനധികൃത മാംസവിൽപ്പന നടത്തുന്നതിനെതിരെ ഗ്രാമപഞ്ചായത്തുകൾ കർശന നടപടി സ്വീകരിക്കുകയും നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നതിന് സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്നുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

14. ഖണ്ഡിക 133-ലെ ശിപാർശ

സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ പരിസര പ്രദേശത്തെ കിണറുകളും കുടിവെള്ള സ്രോതസ്സുകളിലെയും മലിനീകരണത്തിന്റെ അളവ് നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും അതോടൊപ്പം പരിസരവാസികൾക്കും മാലിന്യ സംസ്കരണ കേന്ദ്രംമൂലം ഏതെങ്കിലും തരത്തിലുള്ള രോഗം പിടിപെടുന്നുണ്ടോയെന്ന് നിർണ്ണയിക്കുന്നതിന് വർഷത്തിലൊരിക്കലെങ്കിലും ആരോഗ്യ സർവ്വേ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**(എ) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 25-8-2014)

പരിസ്ഥിതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഭൂമിത്രസേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും വെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കുള്ള ലാബ് സൗകര്യം ഉള്ളതുമായ കോളേജുകളിലെ സൗകര്യം മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ പരിസര പ്രദേശത്തെ കുടിവെള്ള സ്രോതസ്സുകളുടെ മലിനീകരണത്തിന്റെ അളവ് പരിശോധിക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്.

(7-8-2014—ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. )

**(ബി) ജലവിഭവ (ഐ.ആർ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 27487/ഐ.ആർ3/2011/ജലവിഭവ തീയതി 14-2-2013)

കോഴിക്കോട്-ഞെളിയൻപറമ്പിലുള്ള കോഴിക്കോട് കോർപ്പറേഷന്റെ വക ഖരമാലിന്യ സംസ്കരണ പ്ലാന്റ്, ആലപ്പുഴ സദാനന്ദപുരത്തുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റ്, തൃശ്ശൂർ ലാലൂരിലുള്ള ഖരമാലിന്യ ഡംപിംഗ് യാർഡ് എന്നിവ ഹേതുവായി തദ്ദേശവാസികൾക്കുള്ള സാമൂഹികവും ആരോഗ്യപരവുമായ ആഘാതം വിലയിരുത്തുവാനായി സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് സോഷ്യോ-ഇക്കണോമിക്സ് യൂണിറ്റ് മുഖാന്തിരം പഠനം നടത്തി. മാലിന്യം കൈകാര്യം ചെയ്യുന്നത് ശാസ്ത്രീയമല്ലായെന്നും മുനിസിപ്പൽ സോളിഡ് വേസ്റ്റ് റൂൾസിലെ നിബന്ധനകൾ പൂർണ്ണമായി പാലിക്കപ്പെടുന്നില്ലായെന്നും ഇത് സമീപവാസികൾക്ക് പലതരത്തിലുള്ള ആരോഗ്യ-സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുവെന്നും പഠനം വെളിപ്പെടുത്തുന്നു. പുനഃചംക്രമണ സാധ്യതയുള്ള പാഴ്വസ്തുക്കൾ ജൈവമാലിന്യങ്ങളിൽനിന്ന് വേർതിരിച്ച് ശേഖരിക്കാത്തതിനാൽ ഇവയും സംസ്കരണശേഷം ഉപേക്ഷിക്കപ്പെടുന്ന മാലിന്യങ്ങളും ഡംപിംഗ് യാർഡിൽ കൂട്ടിയിട്ടിരിക്കുന്നതിൽ നിന്നുള്ള ലീച്ചേറ്റ് മണ്ണിലൂടെ ഊർന്ന് ഇറങ്ങിയും നേരിട്ടും സമീപത്തെ ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നതായും കാണുന്നുണ്ട്.

81/2016.

ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുകയും അജൈവമായവയിൽ പുനഃചംക്രമണം ചെയ്യാവുന്നവ അപ്രകാരം ഉപയോഗപ്പെടുത്തുകയും ശേഷിക്കുന്നവ സാനിട്ടറി ലാന്റ് ഫില്ലിൽ നിർമ്മാർജ്ജനം ചെയ്താൽ മാത്രമേ പ്രശ്നത്തിന് പരിഹാരമാവുകയുള്ളൂ.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

15. ഖണ്ഡിക 134-ലെ ശിപാർശ

സംസ്ഥാനത്തെ റോഡുകൾക്ക് ആധുനികരീതിയിലുള്ള ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനോ നിലവിലുള്ളവ പുതുക്കി സംരക്ഷിക്കുന്നതിനോ അവയിൽ അടിഞ്ഞുകൂടുന്ന ചപ്പുചവറുകളും മാലിന്യങ്ങളും യഥാസമയം നീക്കം ചെയ്യുന്നതിനോ നിർമ്മാണം നടത്തുന്ന മരാമത്ത് വകുപ്പും മാലിന്യങ്ങളുടെ നീക്കം ഉറപ്പുവരുത്തുന്ന തദ്ദേശസ്വയംഭരണ വകുപ്പും യോജിച്ച് പ്രവർത്തനങ്ങൾ നടത്തുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. റോഡുകൾക്ക് ഓടയുണ്ടായാലും അതിലെ ഒഴുക്കില്ലായ്മയാണ് പ്രധാന പ്രശ്നം. ഈ ഗുരുതരമായ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി റോഡുകളിലെ ഓടകളിലേയും കനാലുകളിലേയും ഒഴുക്ക് തടഞ്ഞാലും ഔട്ട്ലെറ്റുകൾ മൂടുകയും ചെയ്താൽ കർശന നടപടി സ്വീകരിക്കുവാൻ മരാമത്ത് വകുപ്പിന് അധികാരമുണ്ടാകണമെന്നും ഇത്തരം മാലിന്യങ്ങൾ ആധുനികമാർഗ്ഗങ്ങൾ യഥാവസരം ഉപയോഗിച്ച് നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**പൊതുമരാമത്ത് (പി.എസ്.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 26911/പിഎസ്1/13/പൊ.മ.വ. തീയതി 22-11-2013)

റോഡ് നവീകരണ പദ്ധതിയുടെ ഭാഗമായി വരുന്ന ഓടകളിലേയും കനാലുകളിലേയും മാലിന്യങ്ങൾ യഥാസമയം നീക്കംചെയ്ത് ഒഴുക്ക് സുഗമമാക്കുവാൻ കരാറിൽ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കുന്നതിന് കൺസ്ട്രക്ഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ റോഡുകൾക്ക് ആധുനികരീതിയിലുള്ള ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിലവിലുള്ളവ പുതുക്കി സംരക്ഷിക്കുന്നതിനുംവേണ്ട സത്വര നടപടികൾ കൈക്കൊണ്ടുവരുന്നു.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

16. ഖണ്ഡിക 135-ലെ ശിപാർശ

സംസ്ഥാനത്തെ പോലീസ് സേനയുടെ രൂപീകരണവും നിയന്ത്രണവും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിച്ച് നടപ്പാക്കുന്നതിന് കേരള നിയമസഭ പാസ്സാക്കിയ 2010-ലെ കേരള പോലീസ് ബില്ലിലെ വ്യവസ്ഥകൾ പ്രകാരം "പൊതുസ്വത്തിന് കേടുവരുത്തുന്നതോ വൃത്തിഹീനമാക്കുന്നതോ നശിപ്പിക്കുന്നതോ പൊതുശുചിത്വത്തെയോ അല്ലെങ്കിൽ പരിസരത്തെയോ അപകടപ്പെടുത്തുന്നതോ ജലാശയങ്ങളും ജലസ്രോതസ്സുകളും മലിനപ്പെടുത്തുന്നതോ, അധികാരസ്ഥാനം നിശ്ചയിക്കുന്ന സമയങ്ങളിലും സ്ഥലങ്ങളിലും അല്ലാതെ ഏതെങ്കിലും പൊതുസ്ഥലത്ത് വസ്തുക്കൾ നിക്ഷേപിക്കുന്നതോ നിർദ്ദിഷ്ട റഗുലേഷനുകൾക്കനുസൃതമായിട്ടല്ലാതെ തെരുവുകളിലൂടെയോ വീടുകളിൽ നിന്നോ വിസർജ്ജ്യവസ്തുക്കളോ ഉപദ്രവകരമായ വസ്തുക്കളോ കൊണ്ടുപോകുന്നതും ഒഴുക്കിവിടുന്നതും" നിയന്ത്രിക്കുന്നതിനും തടയുന്നതിനുമുള്ള അധികാരം ജില്ലാ മജിസ്ട്രേട്ട് റഗുലേഷനിലൂടെ നടപ്പാക്കാവുന്നതാണ്. ഖര-ദ്രവ മാലിന്യനിർമ്മാർജ്ജന പരിപാടികൾ നടപ്പാക്കാത്തതു സംബന്ധിച്ചും മാലിന്യവൽക്കരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും സംസ്ഥാന പോലീസ് വകുപ്പ് ഒരു പ്രത്യേക പരിസ്ഥിതി വ്യാപനം തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും മുൻകൈയെടുത്ത് പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) പരിസ്ഥിതി (ബി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 28-5-2014)

അനധികൃത അറവുശാലകൾ, ശരിയായ രീതിയിൽ പ്രവർത്തിക്കാത്ത അംഗീകൃത അറവുശാലകൾ എന്നിവമൂലമുള്ള പാരിസ്ഥിതികശോഷണം തടയുന്നതിന് കേരള പോലീസ് ആക്ട് 2011-ലെ റൂൾ 80 പ്രയോഗത്തിൽ വരുത്തുവാൻ ജില്ലാ മജിസ്ട്രേട്ടുമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) ആഭ്യന്തര (പി.എസ് & എം.എസ്) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 39762/പി.എസ് 1/11/ആഭ്യന്തരം തീയതി 1-8-2015)

16-ൽപ്പരം ഫ്ലാഗ്ഷിപ്പ് പദ്ധതികൾ പൂർണ്ണമായും പുനർവിന്യാസം വഴിയുള്ള ഉദ്യോഗസ്ഥർവഴി നടപ്പിലാക്കുന്ന ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള പോലീസ് സേനയിൽ ആവശ്യമായ അംഗബലത്തിന്റേയും അടിസ്ഥാന സൗകര്യങ്ങളുടേയും പരിമിതിനിമിത്തം ഖര-ദ്രവ മാലിന്യനിർമ്മാർജ്ജന പരിപാടികൾ നടപ്പാക്കാത്തതു സംബന്ധിച്ചും

മാലിന്യവൽക്കരണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയും പ്രത്യേക പരിസ്ഥിതി നശീകരണ വ്യാപനം തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആവശ്യമായ അംഗബലവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകുന്നമുറയ്ക്ക് എത്രയുംവേഗം ഇത്തരമൊരു സംവിധാനം ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. നിലവിൽ സർക്കാരിന്റെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജന പരിപാടികളിൽ ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള പോലീസ് സേന സജീവമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(5-8-2015–ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

17. ഖണ്ഡിക 136-ലെ ശിപാർശ

മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിലെ പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് കത്തിക്കുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നം സൃഷ്ടിക്കുന്നതായി ആക്ഷേപമുണ്ട്. മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ പ്ലാന്റുകൾ സ്ഥാപിച്ചിട്ടും ഇത്തരം നടപടികൾ തുടർന്നുവരുന്നുണ്ട്. ഇതുകാരണം പലർക്കും ശ്വാസംമുട്ടൽ, ചുമ, ത്വക്ക്രോഗബാധ എന്നിവ ഉണ്ടാകുന്നതായി സമിതിയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ആയതിനാൽ ആശുപത്രി അധികൃതരും തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരും മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് കത്തിക്കുന്നതിനുപകരം ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു

സർക്കാർ സ്വീകരിച്ച നടപടി

**(എ) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവവസ്തുക്കൾ ഉണ്ടാകുന്ന സ്ഥലങ്ങൾ, വീടുകൾ, കച്ചവടസ്ഥാപനങ്ങൾ, ആശുപത്രികൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ തരംതിരിച്ച് സൂക്ഷിക്കുവാനും പ്ലാസ്റ്റിക് മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ തലത്തിൽ ശേഖരിക്കാനുമുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകി നടപ്പിലാക്കിവരുന്നു. ഇതിനായി നഗരസഭാതലത്തിൽ 27 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾക്കും ഗ്രാമപഞ്ചായത്ത് തലത്തിൽ 49 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾക്കും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ശുചിത്വ മിഷൻവഴി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് സഞ്ചികൾ റീസൈക്ലിംഗിന് കൈമാറാനും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് സഞ്ചികൾ റോഡ് ടാറിംഗിന് ഉപയോഗിക്കാനും നടപടി എടുത്തുവരുന്നു. ഇതിനായി ബോധവൽക്കരണ പ്രചരണ പരിപാടികളും സംസ്ഥാനതലത്തിൽ നടത്തിവരുന്നു.

ആശുപത്രികളിൽ ഉണ്ടാകുന്ന ബ്ലഡ് ബാഗ്, യൂറിൻ ബാഗ്, സിറിഞ്ച്, ഐ.വി.ട്യൂബ് തുടങ്ങിയ വസ്തുക്കൾ ആശുപത്രിമാലിന്യ കൈകാര്യ ചട്ടങ്ങൾ പ്രകാരമാണ് സംസ്കരിക്കേണ്ടത്. ഇതിന് ചുമതലയുള്ളത് ബന്ധപ്പെട്ട ആശുപത്രി അധികൃതരാണ്. പോളി ക്ലോറൈഡ് വിഭാഗത്തിൽപ്പെടുന്ന പ്ലാസ്റ്റിക്കാണ് ഇവയിൽ അധികവും. അത്തരത്തിലുള്ള പ്ലാസ്റ്റിക് വസ്തുക്കൾ തുറസ്സായ സ്ഥലത്തോ ഇൻസിനറേറ്ററുകളിലോ കത്തിക്കാൻ പാടില്ല എന്നാണ് നിയമം അനുശാസിക്കുന്നത്. ആകയാൽ ആശുപത്രി അധികൃതർ തന്നെ ബയോമെഡിക്കൽ വേസ്റ്റ് ചട്ടങ്ങളിൽ അനുശാസിക്കുന്ന തലത്തിൽ നടപടി കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അതിനുവേണ്ട നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പ്ലാസ്റ്റിക് കൈകാര്യം ചെയ്യുന്നതിന് നിയമപരമായി കഴിയില്ല എന്ന കാര്യം ഇതിനോടൊപ്പം സമർപ്പിക്കുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 1762/ജി1/11/ആകുവ. തീയതി 20-8-2014)

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ അടക്കമുള്ള ഖരമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നിർമ്മാർജ്ജനം ചെയ്തുവരുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കാതെ തരംതിരിച്ച് മറ്റ് ഖരമാലിന്യങ്ങളോടൊപ്പം പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ സംസ്കരിക്കാനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നുണ്ട്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

18. ഖണ്ഡിക 137-ലെ ശിപാർശ

പരിസ്ഥിതി അടിസ്ഥാനഘടകങ്ങളായ ഭൂമി, ജലം, വായു എന്നിവയുടെ മലിനീകരണത്തിന് വിധേയമാകാതെ സംരക്ഷിക്കേണ്ടത് ജീവജാലങ്ങളുടെ ആരോഗ്യകരമായ നിലനിൽപ്പിന് ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. എന്നാൽ വ്യക്തികളും സമൂഹവും താത്ക്കാലിക ലാഭത്തിനുവേണ്ടി യാദൃശ്ചികമായോ മനഃപൂർവ്വമായോ ക്ഷണിച്ചുവരുത്തുന്ന പരിസ്ഥിതി സംരക്ഷണ നിയമങ്ങളുടെ ലംഘനമാണ് മലിനീകരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിന് ഇടവരുത്തുന്നത്. മണ്ണിന്റെ ഘടനയും സംശുദ്ധിയും നശിക്കുന്ന മലിനവസ്തുക്കൾ, പ്ലാസ്റ്റിക്, ലോഹങ്ങൾ, കാർബൺ സംയുക്തങ്ങൾ, ഫാക്ടറി അവശിഷ്ടങ്ങൾ, കോൺക്രീറ്റ് എന്നിവ അലക്ഷ്യമായി

വലിച്ചെറിയുന്നത് കൂടുതൽ മലിനീകരണം സൃഷ്ടിക്കപ്പെടുന്നു. പൊതുസ്ഥലങ്ങളിലും സ്വകാര്യ പാർപ്പിടങ്ങളിലുമുണ്ടാകുന്ന മലിനവസ്തുക്കൾ നീർച്ചാലുകളിലും കുളങ്ങളിലും ജലാശയങ്ങളിലും നിക്ഷേപിക്കപ്പെടുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ജലാശയങ്ങൾ പരിശുദ്ധമായി സംരക്ഷിക്കപ്പെടാനുള്ള സംവിധാനം സംജാതമാകണം. മാലിന്യങ്ങൾ ആളൊഴിഞ്ഞ സമയത്തും സ്ഥലത്തും നിക്ഷേപിക്കപ്പെടുന്ന അവസ്ഥയ്ക്ക് സ്വയമേവയും നിർബന്ധമായും നിയന്ത്രണങ്ങൾ ഉണ്ടാകുകയും തീർത്ഥാടനകാലത്ത് നദികൾ മാലിന്യവാഹികളാകുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തി തീർത്ഥജലവാഹികളാക്കി മാറ്റാൻ സാർവ്വത്രിക ശ്രമവും സംസ്ഥാനത്തെ ശുദ്ധജല തടാകങ്ങൾ മുൻപത്തെ അവസ്ഥയിൽ സംരക്ഷിക്കപ്പെടുകയും നിലനിർത്തുകയും മലിനീകരണം നിയന്ത്രിക്കുകയും തടയുകയും ചെയ്യേണ്ട സർക്കാർ സംവിധാനം സമഗ്രമായി പ്രവർത്തിക്കുകയും ചെയ്താൽ വർദ്ധിച്ചുവരുന്ന പരിസ്ഥിതിപ്രശ്നങ്ങൾക്ക് സത്വര പരിഹാരം കണ്ടെത്താനും പരിസ്ഥിതി മലിനീകരണം ഒരളവുവരെ നിയന്ത്രിക്കാനാകുമെന്നും സമിതി ചൂണ്ടിക്കാട്ടുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) പരിസ്ഥിതി (ബി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2691/ബി2/12/പരി. തീയതി 24-7-2015)

നിലവിൽ വ്യവസായശാലകൾ, ഹോട്ടലുകൾ, കെട്ടിട സമുച്ചയങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് നൽകുന്ന പ്രവർത്തനാനുമതിയിൽ മതിയായ മലിനജല സംസ്കരണ-പുനരുപയോഗ സംവിധാനങ്ങൾ ഏർപ്പെടുത്തി സംസ്കരിച്ച ജലം ടി സ്ഥാപനങ്ങളുടെ അധീനതയിൽ ഉള്ള സ്ഥലത്തുതന്നെ നിർമ്മാർജ്ജനം ചെയ്യാൻ നിർദ്ദേശിക്കുന്നതുമൂലം ടി സ്ഥാപനങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം ഒരു പരിധിവരെ കുറയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളതായി മലിനീകരണനിയന്ത്രണ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ എല്ലാ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലും സ്ഥാപിക്കുന്നതിന് മലിനീകരണനിയന്ത്രണ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കുവാൻ തക്കതായ സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് വേണ്ടതായ അവബോധം നൽകുന്നതിനായി വിവിധ സംഘടനകൾ നടത്തുന്ന സെമിനാറുകൾക്ക് ധനസഹായം നൽകി ടി സംരംഭങ്ങൾക്ക് മലിനീകരണനിയന്ത്രണ ബോർഡ് പ്രോത്സാഹനം നൽകുന്നുണ്ട്. ശബരിമലയിലെ മാലിന്യനിർമ്മാർജ്ജനത്തിന് നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരുടെ സേവനം മലിനീകരണനിയന്ത്രണ ബോർഡ് ഉപയോഗപ്പെടുത്താറുണ്ട്.

ഖരമാലിന്യങ്ങൾ പൊതുസ്ഥലത്തും ജലാശയങ്ങളിലും നിക്ഷേപിക്കുന്ന സംഭവങ്ങൾ പഞ്ചായത്തുതല ജൈവവൈവിധ്യ പരിപാലന സമിതികൾ ജാഗ്രതയോടെ വീക്ഷിക്കുകയും ശ്രദ്ധയിൽപ്പെട്ടാൽ അത് ബന്ധപ്പെട്ട അധികാരികളെ ഉടനെ അറിയിക്കണമെന്നും എല്ലാ സമിതി കൺവീനർമാർക്കും ജൈവവൈവിധ്യ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(19-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (ബി) തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 61787/ഡിസി1/14/തസ്വഭവ. തീയതി 4-11-2014)

തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നും വിവിധ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ഏജൻസികൾവഴി നടപ്പാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇക്കാര്യത്തിൽ പല പദ്ധതികളും മാതൃകാ പദ്ധതികളായി ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മാതൃകാ അറവുശാലകൾ സ്ഥാപിക്കൽ, പൊതുമാലിന്യ സംസ്കരണ പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനായി ഉറവിട മാലിന്യ സംസ്കരണത്തിന്റെ പ്രോത്സാഹനം, വികേന്ദ്രീകൃത മാലിന്യ സംസ്കരണം, സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ മേഖലയിലൂടെ നടത്തിവരുന്നത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടേയും കൂട്ടായ പ്രവർത്തനത്തിനായി കൃഷി വകുപ്പ്, ജലവിഭവ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, പരിസ്ഥിതി വകുപ്പ്, കേരള മലിനീകരണനിയന്ത്രണ ബോർഡ് തുടങ്ങിയവയും ഈ മേഖലയിൽ പ്രവർത്തനം നടത്തിവരുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### (സി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 20171/ഐ.ആർ3/14/ജവിവ. തീയതി 26-8-2014)

സംസ്ഥാനത്ത് ഭൂമി, ജലം, വായു എന്നീ അടിസ്ഥാന ഘടകങ്ങൾ മലിനമാകാതിരിക്കാൻ ഖര-ദ്രവ മാലിന്യനിർമ്മാർജ്ജനത്തിന് ജലവിഭവ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡ് എന്നിവർ പ്രത്യേകം നടപടികൾ സ്വീകരിച്ചുവരുന്നു. വ്യവസായശാലകളും കെട്ടിട സമുച്ചയങ്ങളും അറവുശാലകളും ആശുപത്രികളും ഖര-ദ്രവ മാലിന്യങ്ങൾ ഒഴുക്കുന്നതിന് പകരം അതതിടങ്ങളിൽ സംസ്കരിക്കുകയും മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക് വലിച്ചെറിയപ്പെടാതിരിക്കുവാനും മലിനീകരണനിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

തടാകങ്ങളുടെ സംരക്ഷണത്തിനും ഉപ്പുവെള്ളം കയറാതിരിക്കുന്നതിനും സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിക്കാതെ ജലാശയങ്ങളിലേക്ക് മാലിന്യങ്ങൾ തുറന്നുവിടുന്നതും പ്ലാസ്റ്റിക് ഉൾപ്പെടെ ഖരമാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും ജലാശയങ്ങളിലും വലിച്ചെറിയുന്നതുമായ പ്രവണതകൾ വർദ്ധിച്ചുവരുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡും കൂടുതൽ ശക്തമായി ഇടപെടുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ മലിനീകരണത്തിന്റെ തോത് കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

(27-8-2014–ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2015 ഡിസംബർ 15.

അനുബന്ധം I

**കേരള സർക്കാർ**

സംഗ്രഹം

പരിസ്ഥിതി വകുപ്പ്- ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ സംവിധാനം-നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.06/12/പരി. തീയതി, തിരുവനന്തപുരം 09.01.2012 ~~09.12.2011~~

പരാമർശം: (1) പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 58-ാമത് റിപ്പോർട്ട്

(2) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 29.11.2011 ൽ അവസാനിക്കുന്ന പി സി ബി/റ്റി എ സി/എൽ സി/647/09 നമ്പർ കത്തുകൾ

**ഉത്തരവ്**

നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങളുടെ പരിധിയിൽ ആശുപത്രികൾ ഉൾപ്പെടുന്നു. മലിനീകരണ സാദ്ധ്യത കണക്കിലെടുത്ത് ഏറ്റവും കൂടുതൽ നിയന്ത്രണങ്ങൾ ആവശ്യമായ 'ചുവപ്പ് ' വിഭാഗത്തിലാണ് ആശുപത്രികൾ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത്. സർക്കാർ ആശുപത്രികളിലെ മാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് നിയമസഭയുടെ പരിസ്ഥിതി സമിതിയും ദ്രവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നത് സംബന്ധിച്ച് എസ്റ്റിമേറ്റ് കമ്മിറ്റിയും ബയോ മെഡിക്കൽ മാലിന്യം സംബന്ധിച്ച് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയും പ്രത്യേക റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. ഖര, ബയോമെഡിക്കൽ മാലിന്യങ്ങൾക്ക് നിലവിൽ പരിഹാരം ഉണ്ടാക്കാനായിട്ടുണ്ട്. എന്നാൽ ദ്രവമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിൽ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ശാസ്ത്രീയ മാലിന്യ സംസ്ക്കരണ ഉപാധികൾ ഇല്ലാതെ ആശുപത്രികൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് പ്രവർത്തനാനുമതി നല്കിയതിനെ പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2006-08) 58-ാമത് റിപ്പോർട്ടിൽ നിശിതമായി വിമർശിച്ചിട്ടുമുണ്ട്.

ബയോമെഡിക്കൽ മാലിന്യങ്ങളും ആശുപത്രികളിലെ ദ്രവമാലിന്യങ്ങളും പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്. 'ചുവപ്പ് ' വിഭാഗത്തിൽപ്പെട്ട മലിനീകരണം ഉണ്ടാക്കുന്നത് ആശുപത്രി ആയാൽപ്പോലും നടപടിയെടുക്കാതിരിക്കുന്നത് നിയമാനുസൃതമല്ല. ആകയാൽ ആശുപത്രി മാലിന്യ സംസ്ക്കരണത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പ്രത്യേകിച്ച് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അതീവ

ജാഗ്രത പുലർത്തണമെന്നും പൊതുജനാരോഗ്യത്തിനു ഭീഷണിയാകുന്ന ആശുപത്രി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള നടപടികൾ വിട്ടുവീഴ്ച കൂടാതെ സ്വീകരിക്കണമെന്നും പ്രവർത്തന അനുമതി നല്കിയിട്ടുള്ള ആശുപത്രികളിൽ മലിനീകരണ നിയന്ത്രണ നടപടികൾ നിയമാനുസൃതമായി നടക്കുന്നുണ്ടെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉറപ്പാക്കണമെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജി.രാജീവ്**

അഡീഷണൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, ഇന്ത്യൻ മെഡിക്കൽ അസ്സോസ്സിയേഷൻ, ആനയറ, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് -

ആരോഗ്യ വകുപ്പ്

അനുബന്ധം II

Kerala Gazette No. 14 dated 3rd April 2012.
PART I

GOVERNMENT OF KERALA

**Abstract**

ENVIRONMENT DEPARTMENT—MANAGEMENT OF BIOMEDICAL WASTES IN THE STATE—RECOMMENDATIONS OF THE PUBLIC ACCOUNTS COMMITTEE (2008-2011)—IMPLEMENTED—ORDERS ISSUED

ENVIRONMENT (A) DEPARTMENT

G. O. (Ms.) No. 04/12/Envt. *Dated, Thiruvananthapuram, 13th March 2012.*

*Read:*—1. 58th Report of the Public Accounts Committee (2006-08) of the Kerala Legislative Assembly.

2. 146th Report of the Public Accounts Committee (2008-2011).

3. Letter No. PCB/TAMS/14/09 dated 24-11-2011 of the Member Secretary, Kerala State Pollution Control Board.

4. G. O. (Rt.) No. 06/12/Envt. dated 9-12-2011.

5. Letter No. IO-3/2008-HSMD dated 4-8-2010 from the Joint Secretary, Ministry of Environment & Forests, Government of India.

ORDER

The Bio Medical Wastes (Mangement and Handling) Rules, 1998 (BMW Rules) issued by the Government of India under the Environment (Protection) Act, 1986 came into effect on 20-8-1998. It is mandatory that every occupier/operator of bio-medical waste generating establishment shall have an authorization to function. The State Pollution Control Board is the prescribed Authority to enforce the rules. The Public Accounts Committees of the Kerala Legislative Assembly in its 58th and 146th reports have made very important recommendations for the effective administration of the rules and to streamline the procedure for handling collection, transportation and disposal of bio-medical wastes with the objective of avoiding any adverse effect on human health and environment. Government have carefully considered the recommendations and issue the following orders for strict compliance by all concerned.

2. It is estimated that about 11000 MT of bio-medical waste is generated in the state per annum. There is chance for a good portion of the pathogenic wastes finding its way to the Municipal Solid Wastes and water bodies posing grave health hazards. In order to ensure that Bio Medical wastes do not mingle with the Municipal Solid Waste and contaminate water bodies, it is ordered that;

(i) (a) All 'occupiers' as defined in the Bio Medical Wastes (Management and Handling) Rules, 1998 shall register with the Kerala State Pollution Control Board. Occupier in relation to any institution generating bio-medical wastes means hospitals, nursing homes, clinical dispensaries, veterinary institutions, animal houses, pathological laboratory, blood bank by whatever name called, who has a control over that institution and/or its premises.

(b) Those occupiers who are yet to register with the State Pollution Control Board shall register with the Board within three months from the date of this order.

(ii) The Local Self Government Institutions shall insist for production of the authorization/registration certificate issued by the Kerala State Pollution Control Board for licensing or granting permission to any 'occupier' and shall not permit any such institution generating bio-medical wastes to function, without the authorization/registration certificate of the Kerala State Pollution Control Board.

(iii) The Local Self Government Institutions, shall enforce the enabling provisions of Chapter XX of the Kerala Panchayati Raj Act, 1994 and Chapter XV of the Kerala Municipalities Act, 1994 in the matter of registration of hospitals and ensure that the bio-medical wastes are properly segregated and disposed of as per the Bio Medical Wastes (Management and Handling) Rules, 1998, and no such waste are collected, transported or disposed of as Municipal Solid Wastes.

(iv) The Kerala State Pollution Control Board shall ensure that no Health Care Establishments (HCE) regardless of strength or number of patients and other 'occupiers' are permitted to function without authorization/registration by the Board, and securing disposal facilities as per rules and guidelines governing bio-medical wastes.

(v). No 'occupier' shall be permitted to carry on with the activities beyond the initial trial period if allowed, without regularization. All units issued with provisional authorization shall be inspected within the validity period of provisional authorization and the authorization regularized or cancelled as the case may be.

2. It is estimated that about 11000 MT of bio-medical waste is generated in the state per annum. There is chance for a good portion of the pathogenic wastes finding its way to the Municipal Solid Wastes and water bodies posing grave health hazards. In order to ensure that Bio Medical wastes do not mingle with the Municipal Solid Waste and contaminate water bodies, it is ordered that;

(i) (a) All 'occupiers' as defined in the Bio Medical Wastes (Management and Handling) Rules, 1998 shall register with the Kerala State Pollution Control Board. Occupier in relation to any institution generating bio-medical wastes means hospitals, nursing homes, clinical dispensaries, veterinary institutions, animal houses, pathological laboratory, blood bank by whatever name called, who has a control over that institution and/or its premises.

(b) Those occupiers who are yet to register with the State Pollution Control Board shall register with the Board within three months from the date of this order.

(ii) The Local Self Government Institutions shall insist for production of the authorization/registration certificate issued by the Kerala State Pollution Control Board for licensing or granting permission to any 'occupier' and shall not permit any such institution generating bio-medical wastes to function, without the authorization/registration certificate of the Kerala State Pollution Control Board.

(iii) The Local Self Government Institutions, shall enforce the enabling provisions of Chapter XX of the Kerala Panchayati Raj Act, 1994 and Chapter XV of the Kerala Municipalities Act, 1994 in the matter of registration of hospitals and ensure that the bio-medical wastes are properly segregated and disposed of as per the Bio Medical Wastes (Management and Handling) Rules, 1998, and no such waste are collected, transported or disposed of as Municipal Solid Wastes.

(iv) The Kerala State Pollution Control Board shall ensure that no Health Care Establishments (HCE) regardless of strength or number of patients and other 'occupiers' are permitted to function without authorization/registration by the Board, and securing disposal facilities as per rules and guidelines governing bio-medical wastes.

(v). No 'occupier' shall be permitted to carry on with the activities beyond the initial trial period if allowed, without regularization. All units issued with provisional authorization shall be inspected within the validity period of provisional authorization and the authorization regularized or cancelled as the case may be.

(vi) The Kerala State Pollution Control Board shall issue or renew the authorization to all registered institutions requiring payment of fees, promptly so that the Board will not suffer revenue loss on that account, and bio-medical waste generating units do not function without proper arrangement for disposal of the wastes.

(vii) All Government Health Care Establishments shall register with the Kerala State Pollution Control Board availing the 90% rebate in fee for registration. Government Health Care Establishments generating bio-medical wastes shall make arrangements as per the rule for safe disposal of the wastes. Funds provided under budgetary allocations or HDS/HDC for bio-medical waste disposal shall be fully and properly utilized. Government Health Care Establishments shall be provided with regular financial support for implementation of bio-medical wastes collection, treatment and disposal as stipulated in the rules. Health & Family Welfare Department may provide necessary budget assistance to Government Heath Care Establishments under their Rent, Rate & Taxes or other appropriate budget heads for the mandatory payments for disposal of bio-medical wastes.

(viii) (a) In the letter read above, Government of India (Ministry of Environment & Forests) has informed about the new schemes with central assistance for Common Bio-Medical Waste Treatment and Disposal Facilities (CBWTF). The Pollution Control Board is authorized to get applications for setting up of Common Bio-Medical Waste Treatment and Disposal Facilities and to recommend eligible cases for subsidy. The target may be that there is at least one Common Bio-Medical Waste Treatment and Disposal Facilities for two districts (seven in all).

(b) Common incinerator facility shall be installed in all the CBWT facilities.

(ix) Deep burial method of bio-medical wastes disposal shall not be permitted. The authorities concerned shall see to it that alternative methods are adopted in all such cases.

(x) (a) The Pollution Control Board shall vitalize monitoring of Health Care Establishments. Norms for regular inspection should be fixed to ensure compliance with rules and consent conditions. If there is paucity in engineering category, the Board may as an internal arrangement utilize the services of offices in the scientific category as well, in cases where no engineering aspects are involved. Comprehensive inventory of Health Care Establishments shall be

prepared and updated and effective steps shall be taken to enforce the rules and to ensure that bio-medical wastes do not mix up with other streams of wastes, and are disposed of scientifically. The records related to administration of the rules shall be maintained properly in all unit offices, and shall be inspected by higher authorities of the Board. The Board shall also make it sure that the Advisory Committee relating to the implementation of the rules is convened as provided in the rules, and verify that the Common Bio-Medical Waste Treatment and Disposal Facilities function properly without causing any pollution problems. The Health Care Establishments shall be insisted to constitute Waste Management Committees to monitor, review and analyze the wastes management practices. Annual Reports required to be submitted by the Health Care Establishments shall be obtained, consolidated by the Pollution Control Board and submitted to the Central Pollution Control Board and Government, without fail.

(b) The District Medical Officers should form a sub-committee including representatives of Pollution Control Board and local body for monitoring the waste management activities in the Health Care Establishments under their jurisdiction, and to ensure remedial action.

(xi) The Pollution Control Board shall take stringent action against the 'occupiers' who do not register with the Board. Those Health Care Establishments including Government institutions which do not follow the statutory provisions on handling and disposal of the bio-medical wastes generated in such Health Care Establishments, may be proceeded against as per Law. Penal provisions/measures for closure may be invoked in cases of non-compliance with Bio-Medical Wastes (Management and Handling) Rules, to ensure compliance by the 'occupiers'.

(xii) (a) Government also order that bio-medical wastes being a reservoir of potentially harmful micro-organisms which can infect hospital patients, health care personnel and general public, also capable of causing injuries, poisoning and pollution, management thereof shall be as an integral part of health care activities. Management including scientific disposal of bio-medical wastes in accordance with the rules therefore shall get the topmost priority in the management of solid wastes. A regular system shall be created in all Health Care Establishments generating bio-medical wastes, to monitor and inspect the status of management of such wastes generated in the Health Care Establishments. Functioning of the system shall be reviewed in the inspections being conducted by departmental authorities in the Health Care Establishments.

(b) More training programmes on the Bio-medical Waste (Management & Handling) Rules for the benefit of those concerned with the implementation of waste management facilities in Health Care Establishments shall be conducted, and awareness materials in Malayalam detailing the type of containers to be used for segregation of Bio-Medical Waste and treatment options shall be distributed by the State Pollution Control Board.

(3) The Public Accounts Committee in the report read as second paper has observed that the implementation of Bio-Medical Wastes Rules in the State is very poor, as a result of the low priority assigned by the Pollution Control Board in enforcing compliance with the rules, and expressed concern that a major portion of the bio-medical wastes generated in the State is being disposed of without proper segregation and treatment, there could be disastrous consequences to the health of the general public due to possible contamination of the environment by toxic and infectious wastes. Government order that the Pollution Control Board and Local Self Government Institutions shall take stringent action as per the Environment (Protection) Act, 1984, Kerala Panchayati Raj Act, 1994, Kerala Municipalities Act, 1994 and other enabling legal provisions to strictly arrest the illegal practices and to bring the erring institutions under the regulatory regime of the Bio-Medical Wastes (Management and Handling) Rules.

(4) (i) The Local Self Govevunent Institutions concerned shall collect and dispose of any non-bio-medical solid wastes (MSW) from hospitals.

(ii) The officer having the legal authority to oversee or control/ regulate the management of wastes generated in Health Care Establishments in the State will be personally responsible for making the Health Care Establishments, under his/her jurisdiction adhere to the statutory provisions on management of wastes generated by the Health Care Establishments.

(5) The Director of Health Services will make available copies of this order to all District Medical Officers and the Director of Panchayat and Urban Affairs to all Grama Panchayats and Municipalities.

By order of the Governor,

JAMES VARGHESE,
*Principal Secretary to Government.*

To

The Secretary, Kerala Legislative Assembly, Thiruvananthapuram (with covering letter).

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Chairman, Kerala State Pollution Control Board, Thiruvananthapuram.

The Member Secretary, Kerala State Pollution Control Board, Thiruvananthapuram.

The Director, Directorate of Health Services, Thiruvananthapuram.

The District Medical Officer, Thiruvananthapuram.

The Director, Animal Husbandry Department, Thiruvananthapuram.

The Director, Ayurveda Medical Education Department, Government, Ayurveda College, Thripunithura/Thiruvananthapuram/Pariyaram, Kannur.

The Director, Homoeopathic Department, Thiruvananthapuram.

Government Homoeopathic Medical College, Kozhikode /Thiruvananthapuram.

The Director, Indian Systems of Medicine, Thiruvananthapuram-1.

The Registrar, Kerala Veterinary and Animal Sciences University.

The Managing Director, Kerala Health Research & Welfare Society, Red Cross Road, Thiruvananthapuram-35.

The Director, Regional Cancer Centre, Thiruvananthapuram.

The Director, Regional Institute of Ophthalmology, Thiruvananthapuram.

The Director, Urban Affairs Department, Thiruvananthapuram.

The Director of Panchayats, Thiruvananthapuram.

The Secretary, Corporation of Thiruvananthapuram/Kollam/Kochi/Thrissur/Kozhikode.

The Director, Public Relations Department.

The Secretary, Indian Medical Association, Thiruvananthapuram.

All Municipalities (through Director of Urban Affairs)

All Grama Panchayats (through Director of Panchayats)

The Health & Family Welfare Department.

The Local Self Government Department.

Stock file/Office copy.

---

അനുബന്ധം III

Kerala Gazette No. 23 dated 13th November 2012.
PART I

## കേരള സർക്കാർ

സംഗ്രഹം

**മലിനീകരണ നിയന്ത്രണം—മലിനീകരണ നടപടികൾ സ്വീകരിക്കാനും, മലിനീകരണം നിയന്ത്രിക്കാനും ബാദ്ധ്യതയുള്ള സ്ഥാപനങ്ങൾ തന്നെ മലിനീകരണം ഉണ്ടാക്കുന്ന കേസുകളിൽ ഉത്തരവാദികളായവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ ഉത്തരവ് പുറപ്പെടുവിക്കുന്നു**

## പരിസ്ഥിതി (എ) വകുപ്പ്

സ. ഉ. (സാധാ) നമ്പർ 147/2012/പരി. *തീയതി, തിരുവനന്തപുരം, 2012 ഒക്ടോബർ 11.*

പരാമർശം:—6-8-2012-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി അയച്ച പി. സി. ബി/റ്റി.എ.സി/എൽ.സി./370/07 നമ്പർ കത്ത്.

### ഉത്തരവ്

കേരള മുനിസിപ്പാലിറ്റി നിയമം, കേരള പഞ്ചായത്ത് നിയമം എന്നിവ അനുശാസിക്കുന്ന പ്രകാരം, ഖരമാലിന്യങ്ങളുടെ നിർമ്മാർജ്ജനം കാര്യക്ഷമമായി നടപ്പിലാക്കേണ്ടതും, അത് നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും, ചുമതലപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമാനുസൃത ബാദ്ധ്യതയാണ്. എന്നാൽ മലിനീകരണ നിയന്ത്രണവും, പൊതുജനാരോഗ്യ സംരക്ഷണവും ഉദ്ദേശിച്ചുള്ള ഇത്തരം പ്രാഥമിക കർത്തവ്യങ്ങളിൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനാസ്ഥ കാട്ടുന്നതായും, അത്തരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിബന്ധനകൾ പാലിക്കാതെ, അശാസ്ത്രീയമായി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തുന്നതുകൊണ്ടുതന്നെ ഗുരുതരമായ മലിനീകരണ പ്രശ്നങ്ങൾ സംജാതമാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ നിയമസഭാസമിതികളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ചില കേസുകളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമാനുസൃത അനുമതിയില്ലാതെയും മറ്റു ചിലവയിൽ അനുമതി വ്യവസ്ഥകൾ

ലംഘിച്ചും നടത്തി വരുന്ന ഇത്തരം പ്രവർത്തനങ്ങൾ അതാതിടങ്ങളിൽ ഗുരുതരമാ( പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് അടച്ചുപൂട്ടാൻ ഉത്തരവു നൽകിയ അറവുശാല മലിനീകരണം സൃഷ്ടിച്ചുകൊണ്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഭവവും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ പൊതുജനങ്ങളോ, അന്യ സ്ഥാപനങ്ങളോ ചെയ്താൽ നിയമാനുസൃത നടപടികൾ സ്വീകരിക്കാനും, പിഴയീടാക്കാനും ചുമതലപ്പെട്ട ഭരണഘടനാ സ്ഥാപനങ്ങൾ തന്നെ നിയമവ്യവസ്ഥകൾ ലംഘിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഗൗരവമായി കണക്കിലെടുത്തുകൊണ്ട് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

(i) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിയമാനുസൃത അനുമതികൾ ആവശ്യമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ—പ്രത്യേകിച്ച് അറവുശാലകൾ—അത്തരം അനുമതികൾ യഥാസമയം വാങ്ങാതെയും അതുപ്രകാരം മലിനീകരണ നിയന്ത്രണ ഉപാധികൾ സ്ഥാപിച്ച് പൂർണ്ണമായും ഫലപ്രദമായും പ്രവർത്തന സജ്ജമാക്കാതെയും പ്രവർത്തിക്കുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ അതാതു നിയമപ്രകാരം പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(ii) മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഇല്ലാതെയോ, ഉള്ളവ പൂർണ്ണതോതിൽ ഫലപ്രദമായി പ്രവർത്തിക്കാത്തതോ ആയ മാലിന്യ സംസ്കരണശാലകൾ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയോ, മറ്റ് ബന്ധപ്പെട്ട സർക്കാർ പദ്ധതികൾ പ്രകാരമോ, ഫലപ്രദമായ മലിനീകരണ നിയന്ത്രണ ഉപാധികൾ സമയബന്ധിതമായി സ്ഥാപിച്ച് അവയുടെ മേൽനോട്ടത്തിലുള്ള മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ-പ്രത്യേകിച്ച് അറവുശാലകൾ-യാതൊരുവിധ മലിനീകരണവും, പൊതുജനാരോഗ്യ ഭീഷണിയും ഉണ്ടാക്കുന്നില്ല എന്നും, പൂർണ്ണമായി ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കുന്നു എന്നും ഉറപ്പാക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,
*പ്രിൻസിപ്പൽ സെക്രട്ടറി.*

ചെയർമാൻ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

മുനിസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾ/മുനിസിപ്പാലിറ്റികൾ (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ പഞ്ചായത്തുകൾ (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ കളക്ടർമാർക്കും

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, പനവിള ജംഗ്ഷൻ, തിരുവനന്തപുരം-14

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തൃശ്ശൂർ നഗരസഭ

തദ്ദേശ സ്വയംഭരണ വകുപ്പ്

ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

അനുബന്ധം IV

**കേരള സർക്കാർ**

സംഗ്രഹം

പരിസ്ഥിതി വകുപ്പ്—പരിസ്ഥിതി സംരക്ഷണവും, അതിനുള്ള നിയമപരിപാലനവും ഉറപ്പാക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ അധികാരികളെ നിയോഗിച്ചുകൊണ്ട്—ഉത്തരവാകുന്നു.

പരിസ്ഥിതി (ബി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 01/2013/പരി. തിരുവനന്തപുരം, 2013 മാർച്ച് 22.**

*സൂചന:*—1. 31-12-2009-ലെ സ.ഉ. (കയ്യെഴുത്ത്) നമ്പർ 4/09/പരി.

2. 2-12-2011-ലെ 3512/ബി2/11/പരി. നമ്പർ അനൗദ്യോഗിക കുറിപ്പ്.
3. 2-1-2012-ൽ തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പിൽ നിന്നയച്ച 67102/ഡിസി1/11/തസ്വഭവ നമ്പർ അനൗദ്യോഗിക കുറിപ്പ്.
4. 11-9-2012 ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ നിന്നയച്ച 35449/ജി1/2012/ആ.കു.ക്ഷേ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ്.
5. 31-1-2013-ൽ റവന്യൂ (ജി) വകുപ്പിൽ നിന്നയച്ച 53601/ജി1/2012/റവന്യൂ നമ്പർ അനൗദ്യോഗിക കുറിപ്പ്.
6. 12-2-2013-ൽ ആഭ്യന്തര (ജി) വകുപ്പിൽ നിന്നയച്ച 96358/ജി3/12/ആഭ്യന്തരം നമ്പർ അനൗദ്യോഗിക കുറിപ്പ്.

## ഉത്തരവ്

ജീവിത നിലവാര സൂചികകളിലുണ്ടായ പുരോഗതിയുടെ മറുവശം എന്ന നിലയിലും, ശരിയായ പരിസ്ഥിതി പരിഗണനകളില്ലാതെ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ പരിണിത ഫലമായും സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സ്ഥിതിയിൽ, വനനഷ്ടവും ശോഷണവും, കണ്ടൽകാടുകളുടെ നശീകരണം, തീരപ്രദേശങ്ങൾക്കുണ്ടാകുന്ന നാശഭീഷണി, വർദ്ധിച്ച മണൽ-കളിമൺ പാറ ഖനനം, ശുദ്ധജല-സമുദ്രജീവി സമ്പത്തുകളുടെ അമിത ചൂഷണം, നെൽപാടങ്ങൾ നികത്തൽ, നദികളുടെ നാശം, കൃഷിഭൂമിയുടെ ഉത്പാദനക്ഷമതക്കുറവ്, വർദ്ധിച്ച വായു-ജല-മണ്ണ്

മലിനീകരണം, ഖരമാലിന്യ സംസ്കരണ പ്രശ്നങ്ങൾ, വ്യാവസായിക മലിനീകര ം, ഇലക്ട്രോണിക് മാലിന്യ വിപത്ത്, നഗരവൽക്കരണം മൂലമുള്ള മലിനീകരണം, ജല സ്രോതസ്സുകളുടെ മലിനീകരണം എന്നിവമൂലം ഗുരുതരമായ അപചയങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ഒന്നാമതു സൂചിപ്പിച്ച സർക്കാർ ഉത്തരവു പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള പരിസ്ഥിതി നയത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. ഇവയൊക്കെ പരിഹരിക്കാനോ, നിയന്ത്രിക്കാനോ, നിരോധിക്കാനോ, ഉദ്ദേശിച്ചും, സംസ്ഥാനത്തിന്റെ പരിസ്ഥിതി സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ടും സംസ്ഥാന സർക്കാർ അതിന്റെ വിവിധ വകുപ്പുകൾ മുഖേന ഒട്ടേറെ നിയമനടപടികളും ഭരണപരമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ മുഖ്യ പാരിസ്ഥിതിക ഉദ്യമങ്ങൾ താഴെപ്പറയുന്നവയാണ്:

(i) പാരിസ്ഥിതിക നിയമങ്ങൾ

1. ദ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്, 1974
2. ദ വാട്ടർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) സെസ്സ് ആക്ട്, 1977
3. ദ എയർ (പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് പൊല്യൂഷൻ) ആക്ട്, 1981
4. ദ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) ആക്ട്, 1986
5. ദ എൻവയോൺമെന്റ് (പ്രൊട്ടക്ഷൻ) റൂൾസ്, 1986
6. ദ ഹസാർഡസ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്ലിംഗ്) റൂൾസ്, 1989
7. ദ മാനുഫാക്ചർ, സ്റ്റോറേജ് ആന്റ് ഇംപോർട്ട് ഓഫ് ഹസാർഡസ് കെമിക്കൽസ് റൂൾസ്, 1989
8. ദ കോസ്റ്റൽ റഗുലേഷൻ നോട്ടിഫിക്കേഷൻ, 1991
9. എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് വിജ്ഞാപനം, 1994
10. ദ കെമിക്കൽ ആക്സിഡന്റ്സ് (എമർജൻസി പ്ലാനിംഗ്, പ്രിപ്പേർഡ്നസ് ആന്റ് റെസ്പോൺസ് റൂൾസ്), 1996
